VOL NO: 03 | ISSUE 36

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 SEPTEMBER 07 | ₹12

### മനുഷ്യൻ, അറിവ്, അനുഭവം

മനുഷ്യന്റെ അറിവിന്റെ സ്രോതസ്സുകൾ ധാരാളമാണ്. അതിൽ സുപ്രധാന പങ്ക് അനുഭവങ്ങൾക്കുണ്ട്. ചുറ്റുമുള്ളതിനെ അറിയാനും അനുഭവിക്കാനും പരിഗണിക്കാനും തയ്യാറാവുക എന്നതാണ് ഇതിലൂടെ സാധ്യമാകുന്നത്. ചുറ്റുമുള്ളവരെ പരിഗണിക്കാനും അവർക്ക് അർഹമായ അവസരങ്ങൾ നൽകാനും തയ്യാറായാൽ സമൂഹത്തിന്റെ വിഭവശേഷിയെ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കും



## പ്രകൃതി ദുരന്തങ്ങളും ദൈവ നിഷേധികളും

പ്രളയം തകർത്ത ജീവിതങ്ങളെയും സ്വപ്നങ്ങളെയും തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ് കേരളത്തിലെ ജനങ്ങൾ. മത-രാഷ്ട്രീയ-കക്ഷി ഭേദമന്യെ സുമനസ്സുകൾ കൈകോർത്ത് കാരുണ്യത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും ഉദാത്ത മാതൃകകൾ തീർക്കുമ്പോഴും ഇരകൾക്ക് വേണ്ടി ചെറുവിരലനക്കാതെ, മാറി നിന്ന് പരിഹസിക്കുന്ന ഒരു വിഭാഗത്തെ ഏറെ അത്ഭുതത്തോടെയാണ് മലയാളികൾ നോക്കിക്കണ്ടത്!
വെള്ളമിറങ്ങിയിട്ടും മനസ്സിലെ ചെളി നീക്കാൻ കഴിയാത്ത ഇത്തരം ദൈവനിഷേധികളുടെ ജൽപനങ്ങളിൽ എന്തെങ്കിലും യുക്തിയുണ്ടോ?

|| മതംമാറ്റവും പാർട്ടിമാറ്റവും

|| അറിയാവാതിലുകൾ തുറക്കപ്പെടുമ്പോൾ

|| ഏറനാട്ടിലെ ഓർമകളും ഇസ്വ്ലാഹി പ്രസ്ഥാനവും




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com




നേർപഥം
വാരിക

0138 / 2019 സെപ്തംബർ 07 / മുഹർറം 08 / പുസ്തകം 3 / ലക്കം 36


# പ്രകൃതിദുരന്തങ്ങളും ദൈവനിഷേധികളും


അബ്ദുല്ല ബാസിൽ സി.പി / 10

**മുഖമൊഴി**

മതംമാറ്റവും പാർട്ടിമാറ്റവും / 05
എഡിറ്റർ

**കാഴ്ച**

അറിയാവാതിലുകൾ തുറക്കപ്പെടുമ്പോൾ / 18
ഇബ്‌നു അലി എടത്തനാട്ടുകര

**ക്വുർആൻ ദർശനം**

നൂഹ്, അധ്യായം: 71, ഭാഗം: 1 / 24
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**പുനർവായന**

ഏറനാട്ടിലെ ഓർമകളും ഇസ്വ്‌ലാഹി പ്രസ്ഥാനവും / 26
പി.വി ഉമർകുട്ടി ഹാജി (റഹി)

**ലേഖനം**

ബദ്‌റിനു ശേഷമുണ്ടായ ചില സുപ്രധാന സംഭവങ്ങൾ / 07
ഫദ്‌ലുൽ ഹഖ് ഉമരി

പണ്ഡിതന്മാർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ / 16
വിവർത്തനം: ശമീർ മദീനി

മനുഷ്യൻ, അറിവ്, അനുഭവം / 20
നബീൽ പയ്യോളി

വിചാരണക്കുള്ള ഒരുക്കം / 30
ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി


**കവിത**

മരണമെത്തുമ്പോൾ / 34
ഷുക്കൂർ കടലുണ്ടി



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# തോളിലിരുന്ന് ചെവി കടിക്കുന്നവർ: ഒരു കദന കഥ

സുഹൃത്തും ബന്ധുവുമായ പ്രവാസി അദ്ദേഹത്തിനുണ്ടായ ഒരനുഭവം പങ്കുവച്ചപ്പോൾ അത് ഷെയർ ചെയ്യണമെന്ന് തോന്നി. അത് ചുരുക്കി വിവരിക്കാം.

അദ്ദേഹം കുറെ കാലമായി ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പുതുതായി ഒരാൾ പണിക്ക് വന്നു. ആൾ മലയാളിയാണ്. കണ്ടാൽ നല്ല മതചിട്ടയുള്ളയാൾ. മതത്തിന്റെ അടയാളങ്ങളെല്ലാം വേഷത്തിലും ഭാവത്തിലും സംസാരത്തിലും നിറഞ്ഞൊഴുകുന്ന നല്ല മാന്യ ദേഹം. സ്വാഭാവികമായും അത്തരമൊരാൾ മണലാരണ്യത്തിൽ കൂട്ടിനുണ്ടാവുകയെന്ന് പറഞ്ഞാൽ, ആർക്കും സന്തോഷമാകുമല്ലോ. സുഹൃത്തിനും ആ സന്തോഷമുണ്ടായി.

എന്നാൽ 'പണി പാലും വെള്ളത്തിൽ കൊടുത്തു' എന്ന് പറഞ്ഞ പോലെയാണ് പിന്നീട് കാര്യങ്ങൾ നീങ്ങിയത്. ഒരു സുപ്രഭാതത്തിൽ തൊഴിലുടമ വന്ന് സുഹൃത്തിനോട് നാട്ടിൽ പോകണമെന്ന് പറയുന്നു. കാര്യങ്ങൾ അന്വേഷിച്ചപ്പോൾ എവിടെയും തൊടാതെയുള്ള മറുപടികൾ. രാത്രിക്ക് രാത്രി എന്ന മട്ടിൽ ആൾ നാട്ടിൽ വന്നു. എന്താണ് സംഭവിച്ചതെന്നറിയാത്ത സുഹൃത്ത് ആകെ കൺഫ്യൂഷനായി.

ഏതായാലും നാട്ടിൽ വന്നിട്ടും സുഹൃത്ത് അതിന്റെ കാരണമന്വേഷിക്കുന്നത് തുടർന്നു. ഒടുവിൽ തൊഴിലുടമയിൽ നിന്ന് തന്നെ സത്യം പുറത്ത് വന്നു. രണ്ടാമത് വന്ന സൽസ്വഭാവി തൊഴിലുടമയോട് പലതും പറഞ്ഞ് കൊടുത്ത് അദ്ദേഹത്തിന് സുഹൃത്തിനോടുണ്ടായിരുന്ന വിശ്വാസ്യത ഇല്ലാതാക്കി. അത് വിശ്വസിച്ച തൊഴിലുടമ ഉടനെ പിരിച്ചുവിടാൻ തീരുമാനമെടുക്കുകയായിരുന്നു. അതോടെ കാര്യങ്ങൾ മുഴുവൻ 'സൽസ്വഭാവി'യുടെ കീഴിലായി.

എന്നാൽ അയാളെ ഉത്തരവാദിത്തമേൽപിച്ച് കുറച്ച് കഴിയുമ്പോഴേക്ക് തൊഴിലുടമക്ക് കാര്യങ്ങൾ ബോധ്യപ്പെട്ടു തുടങ്ങി. ആൾ ശരിയല്ലെന്ന് മനസ്സിലായ അയാൾ സുഹൃത്തിനെ വിളിച്ച് സത്യം പറഞ്ഞു. എന്നാൽ എല്ലാം കൈവിട്ട് പോയതിന് ശേഷമുള്ള ഖേദപ്രകടനം കൊണ്ട് കാര്യമായി ഉപകാരമൊന്നുമില്ലെന്ന് സുഹൃത്ത് മറുപടി പറഞ്ഞു. ഏതായാലും കാലങ്ങളായി കാത്തുസൂക്ഷിച്ച വിശ്വാസ്യത തൽക്കാലത്തേക്ക് നഷ്ടപ്പെട്ടെങ്കിലും അത് തിരിച്ചറിഞ്ഞതിൽ അദ്ദേഹത്തിന് ആശ്വസിക്കാം.

താൽക്കാലികമായി ജോലിയിൽ പ്രവേശിച്ച തനിക്ക് സ്ഥിരവിസ ലഭിക്കാൻ ഒന്നാം കക്ഷി തടസ്സമാകുമോ എന്ന ഭയമാണ് ഈ മനുഷ്യനെ ഇങ്ങനെയൊരു വൃത്തികേട് ചെയ്യാൻ പ്രേരിപ്പിച്ചതത്രെ!

പലരിലും കണ്ടുവരുന്ന ഒരു ദുഷിച്ച സ്വഭാവമാണിത്. സംസാരത്തിലും വേഷത്തിലുമൊക്കെ ഇസ്‌ലാം നിറഞ്ഞ് തുളുമ്പും. എന്നാൽ പ്രവൃത്തി ഇതിന് തീർത്തും വിരുദ്ധവുമായിരിക്കും. അങ്ങനെ ചെയ്യുന്നതിലൂടെ അയാൾ മാത്രമല്ല പഴി കേൾക്കുന്നത്. അയാൾ ഉൾക്കൊള്ളുന്ന മതവും സംഘടനയുമൊക്കെ മോശമായി ചിത്രീകരിക്കപ്പെടും. അത് തിരുത്താൻ നമുക്കൊട്ട് സാധിക്കില്ല താനും. ആർക്കും ഉപകാരം ചെയ്തില്ലെങ്കിലും ഉപദ്രവിക്കാതിരിക്കാനെങ്കിലും നാം പഠിക്കണം.

പരലോകത്തെ പാപ്പരായവർ ആരാണെന്ന പ്രവാചക വചനം നാം ഇടക്കിടെ വായിക്കണം. കുന്നോളം ആരാധനാ കർമങ്ങളുമായി വന്ന് അതെല്ലാം താൻ വാക്ക് കൊണ്ടോ പ്രവൃത്തി കൊണ്ടോ ഏതെങ്കിലും വിധത്തിൽ ദ്രോഹിച്ചവർക്ക് നൽകേണ്ടി വരികയും അത് തീർന്നാൽ അവരുടെ പാപങ്ങൾ വഹിക്കേണ്ടി വന്ന് ഒടുക്കം നരകത്തിലേക്ക് വലിച്ചെറിയപ്പെടുകയും ചെയ്യുന്ന ഹതഭാഗ്യരാണവർ. അതിൽ പെട്ട് പോകാതിരിക്കാൻ ശ്രമിക്കാം.

**-ഹാഷിം കാക്കയങ്ങാട്**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437 mail@nerpatham.com, www.nerpatham.com

മുഖമൊഴി

# മതംമാറ്റവും പാർട്ടിമാറ്റവും

"ഇസ്‌ലാം മതം സ്വീകരിക്കാനുള്ള 27കാരിയായ ഹിന്ദു ദന്തഡോക്ടറുടെ ആഗ്രഹത്തിന് തടസ്സം നിൽക്കരുതെന്ന് മദ്രാസ് ഹൈക്കോടതി. പ്രായപൂർത്തിയായ ഒരാൾക്ക് ഏതൊരു മതവിശ്വാസവും തിരഞ്ഞെടുക്കാനുള്ള മൗലികാവകാശമുണ്ടെന്നും ജസ്റ്റിസുമാരായ എം.സത്യനാരായണൻ, ബി.പുകഴേന്തി എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ഓർമിപ്പിച്ചു" ഈ മാസം 24ന് മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച വാർത്തയാണിത്.

മതനിരപേക്ഷ ഇന്ത്യയിലെ, ഭരണഘടന അനുവദിച്ചുനൽകുന്ന വിശ്വാസ സ്വാതന്ത്ര്യം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഓരോ പൗരനിലും ഇന്ത്യൻ നീതിന്യായ വ്യവസ്ഥയോട് മതിപ്പും ആദരവുമുണ്ടാക്കുന്ന ഒരു വിധിയാണിത്. ഇന്ത്യയെ ഏകശിലാരാജ്യമാക്കി മാറ്റാനുള്ള സ്ഥാപിത താൽപര്യക്കാർക്ക് മാത്രമെ ഇതിൽ അസംതൃപ്തി തോന്നുകയുള്ളൂ. നിർബന്ധിച്ചോ പ്രലോഭിപ്പിച്ചോ മതപരിവർത്തനം നടത്തുന്നത് കുറ്റകൃത്യമാണെന്ന് ഭരണഘടന പറയുന്നു. ഇതിന്റെ മറവിൽ ഒരാളുടെ ഇഷ്ടപ്രകാരം അയാൾ തന്റെ വിശ്വാസ മാർഗം തിരഞ്ഞെടുക്കുന്നതിന് തടയിടാനുള്ള ശ്രമം ആസൂത്രിതമായി നടന്നുവരുന്നുണ്ടെന്നതിൽ സംശയമില്ല.

യഥാർഥത്തിൽ മനസ്സിൽ നടക്കുന്ന ഈ മാറ്റംകൊണ്ട് സമൂഹത്തിനോ രാജ്യത്തിനോ എന്ത് നഷ്ടമാണ് വരാനിരിക്കുന്നത്? മതപരിവർത്തനം ഒരു കുറ്റകൃത്യമാണെങ്കിൽ ഒരു രാഷ്ട്രീയ പാർട്ടി വിട്ട് മറ്റൊരു പാർട്ടിയിൽ ചേരുന്നതും കുറ്റമാകേണ്ടതല്ലേ? വാസ്തത്തിൽ, ഉറങ്ങിയെഴുന്നേൽക്കും മുമ്പ് പാർട്ടിമാറുന്ന, കോടികളുടെ പണക്കിലുക്കത്തിൽ രാഷ്ട്രീയ കുതിരക്കച്ചവടം നടത്തുന്ന, വോട്ട് ചെയ്ത ജനങ്ങളെ വഞ്ചിച്ചുകൊണ്ട് പാർട്ടി മാറി ഭരണത്തെ അട്ടിമറിക്കുന്ന, കോടിക്കണക്കിന് രൂപയുടെ നഷ്ടം നാട്ടിന് വരുത്തിവെച്ച് ഇടക്കാല തെരഞ്ഞെടുപ്പിന് വഴിവെക്കുന്ന കാലുമാറൽ രാഷ്ട്രീയം വരുത്തിവെക്കുന്ന തരത്തിലുള്ള നഷ്ടം രാജ്യത്തിനോ സമൂഹത്തിനോ കുടുംബത്തിനോ ഒരാളുടെ മതംമാറ്റം വരുത്തിവെക്കുന്നുണ്ടോ? ഒരിക്കലുമില്ല. പിന്നെ എന്തിനീ പുകിലുകളെല്ലാം?

ഭരണഘടനയനുസരിച്ച് ഇന്ത്യ ഒരു ജനാധിപത്യ സെക്കുലർ റിപ്പബ്ളിക്കാണ്. ഇതനുസരിച്ച് രാഷ്ട്രം മതങ്ങൾക്കിടയിൽ വിവേചനം കാണിക്കുന്നില്ല. രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല. പക്ഷേ, പൗരന്മാർക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് ആചരിക്കാനും അവകാശമുണ്ട്. ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനുള്ള അവകാശവും പൗരനുണ്ട്.

ബലപ്രയോഗം, വഞ്ചന, പ്രലോഭനം എന്നിവ മൂലമുള്ള മതം മാറ്റമാണ് നമ്മുടെ രാജ്യത്ത് നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നത്. മാനസാന്തരത്തിനു വിധേയനാകാൻ ഒരു വ്യക്തിക്ക് അവകാശമില്ലെന്ന് ഭരണഘടനയോ സുപ്രീം കോടതിയോ പറഞ്ഞിട്ടില്ല. ഒരു മതത്തിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റം രണ്ടു വ്യക്തികൾക്കുള്ള മൗലികാവകാശം നിയമാനുസൃതം പ്രയോഗിക്കുന്നതിന്റെ ഫലമായിട്ടു സംഭവിക്കാം. ഒരു വ്യക്തിക്ക് തന്റെ മതം പ്രചരിപ്പിക്കാനുള്ള മൗലികാവകാശവും മറ്റേ വ്യക്തിക്ക് മനസ്സാക്ഷി സ്വാതന്ത്ര്യവും തനിക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനുമുള്ള അവകാശവും നൽകുന്നു. യഥാർഥവും ആത്മാർഥവുമായ മതപരിവർത്തനത്തിൽ ഒരുവൻ മറ്റൊരുത്തന്റ മതത്തെ ബലം പ്രയോഗിച്ചു മാറ്റുന്നില്ല. ഹൃദയപരിവർത്തനത്തിനു വിധേയനായി സ്വാതന്ത്ര്യത്തോടെ തന്റെ മതത്തിൽ നിന്നു മാറുകയും ബോധ്യവും മനസ്സാക്ഷിയുമനുസരിച്ച് പുതിയ മതം സ്വീകരിക്കുകയുമാണു ചെയ്യുന്നത്. ●

ലേഖനം

മുഹമ്മദ് നബിﷺ: 37

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# ബദ്റിനു ശേഷമുണ്ടായ ചില സുപ്രധാന സംഭവങ്ങൾ

**(1) ഈദുൽ ഫിത്വ്ർ:** ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസത്തിലാണ് മുസ്‌ലിംകൾക്ക് ആദ്യമായി ഈദുൽ ഫിത്വ്ർ ഉണ്ടാകുന്നത്. നബിﷺ തന്റെ അനുചരന്മാരെയും കൊണ്ട് ആദ്യമായി ഈദുൽ ഫിത്വ്ർ നമസ്‌കാരം നിർവഹിച്ചു. അനസ്ﷺ പറയുന്നു: "മദീനയിൽ ജാഹിലിയ്യാ കാലത്ത് രണ്ട് ആഘോഷ ദിവസങ്ങൾ ഉണ്ടായിരുന്നു. നബിﷺ പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് ഇതിനു പകരമായി ഇതിനെക്കാൾ നല്ല രണ്ടെണ്ണം നൽകിയിരിക്കുന്നു. ചെറിയ പെരുന്നാളും (ഈദുൽ ഫിത്വ്ർ) ബലിപെരുന്നാളും (യൗമുന്നഹ്ർ) ആകുന്നു അത്."

**(2) ബനൂഗത്ഫാൻ യുദ്ധം:** ബദ്റിൽ നിന്നും മടങ്ങി വന്ന ശേഷം നബിﷺ മദീനയിൽ ഏഴു ദിവസം താമസിച്ച ശേഷം ബനൂസലിം ഗോത്രക്കാരെ ലക്ഷ്യം വെച്ചുകൊണ്ട് പുറപ്പെട്ടു. ശവ്വാൽ മാസത്തിൽ തന്നെയായിരുന്നു ഈ യാത്ര. കദിർ എന്ന് പേരുള്ള സ്ഥലത്തെത്തി; വെള്ളമുള്ള ഭാഗത്ത് മൂന്ന് ദിവസം താമസിച്ചു. ശേഷം മദീനയിലേക്ക്

മടങ്ങി. യുദ്ധം ഒന്നുമുണ്ടായില്ല. ബനൂസലീം, ബനൂഗത്ഫാൻ എന്നീ ഗോത്രക്കാർ മുസ്‌ലിംകൾക്കെതിരെ യുദ്ധം ചെയ്യാനുള്ള തീരുമാനവുമായി അവിടെ ഒരുമിച്ചു കൂടിയിട്ടുണ്ട് എന്ന അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു നബിﷺ അങ്ങോട്ട് പുറപ്പെട്ടത്.

**(3) സകാത്ത് നിർബന്ധമാകുന്നു:** മുൻ സമൂഹങ്ങളിലും നിലവിലുണ്ടായിരുന്ന ഇസ്‌ലാമിലെ സുപ്രധാനമായ ഒരു ആരാധനയാണ് സകാത്ത്. കഴിഞ്ഞുപോയ നബിമാരെ സംബന്ധിച്ച് ക്വുർആനിൽ സൂചിപ്പിക്കുന്ന സന്ദർഭങ്ങളിൽ സകാത്തിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

“അവരെ നാം നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും, സകാത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചിരുന്നത്” (അൽഅമ്പിയാഅ്: 73).

രണ്ടു ഘട്ടങ്ങളിലായിക്കൊണ്ടാണ് സകാത്തിന്റെ നിയമം അവതരിക്കുന്നത്. അതിലൊന്ന് മക്കാ കാലഘട്ടത്തിൽ ഉണ്ടായിരുന്ന നിയമമാണ്. അതായത് ഇന്ന സമ്പത്തിന് ഇത്ര സകാത്ത് കൊടുക്കണമെന്ന നിയമങ്ങളോ മറ്റോ ഇല്ലാതെ പൊതുവായിക്കൊണ്ട് കൊടുക്കുക എന്ന അർഥത്തിൽ, ജനങ്ങൾക്ക് നന്മ ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയുള്ളത്. ക്വുർആനിലെ ഈ വചനത്തിലെ സകാത് എന്ന പദപ്രയോഗം ഈ അർഥത്തിലുള്ളതാണ്.

“...അതിനാൽ അതിൽ (ക്വുർആനിൽ) നിന്ന് സൗകര്യപ്പെട്ടത് നിങ്ങൾ പാരായണം ചെയ്തു കൊള്ളുകയും നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവിന്ന് ഉത്തമമായ കടം നൽകുകയും ചെയ്യുക. സ്വദേഹങ്ങൾക്ക് വേണ്ടി നിങ്ങൾ എന്തൊരു നന്മ മുൻകൂട്ടി ചെയ്ത് വെക്കുകയാണെങ്കിലും അല്ലാഹുവിങ്കൽ അത് ഗുണകരവും ഏറ്റവും മഹത്തായ പ്രതിഫലമുള്ളതുമായി നിങ്ങൾ കണ്ടെത്തുന്നതാണ്. നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു” (മുസ്സമ്മിൽ: 20).

രണ്ടാമത്തെ ഘട്ടമാണ് മദീനയിൽ ഇറങ്ങിയ നിയമങ്ങൾ. ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ആയിരുന്നു അത്. അതോടു കൂടി ഇസ്‌ലാമിന്റെ റുക്നുകളിൽ ഒന്നായി സക്കാത് മാറി.

“എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത് നൽകുകയും ചെയ്യുന്ന പക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു” (അത്തൗബ: 11).

ഏതെല്ലാം വസ്തുക്കളിലാണ് സകാത് കൊടുക്കേണ്ടത് എന്നും എത്ര അളവ് ഉണ്ടെങ്കിൽ ആണ് കൊടുക്കേണ്ടത് എന്നും എത്രയാണ് കൊടുക്കേണ്ടത് എന്നുമൊക്കെയുള്ള നിയമങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. ആർക്കെല്ലാമാണ് സകാത് നൽകേണ്ടത് എന്ന നിയമവും വിശദീകരിച്ചുകൊടുത്തു.

“ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടം കൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്” (അത്തൗബ: 60).

“അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുകയും അവർക്കുവേണ്ടി (അനുഗ്രഹത്തിന്നായി) പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർഥന അവർക്ക് ശാന്തി നൽകുന്നതത്രെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു” (അത്തൗബ: 103).

**(4) അലിയുംؓ ഫാത്വിമയുംؓ തമ്മിലുള്ള വിവാഹം:** അലിയ്യുബ്നു അബീത്വാലിബും നബിﷺയുടെ മകൾ ഫാത്വിമയും തമ്മിലുള്ള വിവാഹം ഒന്നാം വർഷത്തിൽ നടന്നിട്ടുണ്ട്. എന്നാൽ രണ്ടു പേരും ഒന്നിക്കുന്നത് ഹിജ്റ രണ്ടാം വർഷം ശവ്വാൽ മാസത്തിൽ ബദ്ർ യുദ്ധത്തിന് ശേഷമായിരുന്നു. വിവാഹത്തിന്റെ വലീമക്കുള്ള പണം അലിؓ ഉണ്ടാക്കിയത് ഇദ്ഖിർ എന്ന് പേരുള്ള പുല്ലു വിറ്റ് കൊണ്ടായിരുന്നു എന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്. (ബുഖാരി: 3091. മുസ്‌ലിം 1979).

ഹസൻ, ഹുസൈൻ, മുഹ്സിൻ എന്നീ മൂന്ന് ആൺകുട്ടികളും ഉമ്മുകുൽസും, സൈനബ് എന്നീ രണ്ട് പെൺകുട്ടികളുമാണ് ഫാത്വിമؓയിലൂടെ അലിؓക്ക് ജനിച്ചത്.

**(5) ബനൂ കൈനുകാഅ് യുദ്ധം:** ശവ്വാൽ മാസം പകുതിയിൽ ശനിയാഴ്ചയാണ് യുദ്ധം ഉണ്ടായത്. ജൂതന്മാരിൽ ഏറ്റവും ധീരരും ഇരുമ്പ് പണിയെടുക്കുന്ന ആളുകളും ആയിരുന്നു അവർ (ആലപ്പണി). മുമ്പ് നമ്മൾ മനസ്സിലാക്കിയതു പോലെ മദീനയിൽ നബിയോട് കരാർ ചെയ്ത ആളുകളുമായിരുന്നു. ഖസ്റജ് ഗോത്രക്കാരോട് സഖ്യം ചേർന്നവരായിരുന്നു. ബദ്ർ യുദ്ധം ഉണ്ടാവുകയും അതിൽ മുസ്‌ലിംകളുടെ പ്രതാപം പ്രകടമാകുകയും ചെയ്തപ്പോൾ മുസ്‌ലിംകളോട് ശത്രുതയും ധിക്കാരവും അസൂയയും പ്രകടിപ്പിച്ചവരാണ് ബനൂ കൈനുകാഅ്. നബിﷺയോട് നടത്തിയിരുന്ന കരാറിനെ അവർ ലംഘിക്കുകയും ചെയ്തു. ഇബ്നു അബ്ബാസ്رضي الله عنه പറയുന്നു: "ബദ്റിൽ വെച്ച് നബിﷺ ക്വുറൈശികളെ പരാജയപ്പെടുത്തിയ ശേഷം മദീനയിലേക്ക് തിരിച്ചുവന്നു. ശേഷം ബനൂകൈനുകാഇന്റെ ചന്തയിൽ ജൂതന്മാർക്കിടയിലേക്ക് ചെന്ന് കൊണ്ട് അവരോട് പറഞ്ഞു: 'അല്ലയോ ജൂത സമൂഹമേ, ക്വുറൈശികൾക്ക് ബാധിച്ചത് പോലുള്ളത് നിങ്ങൾക്കും ബാധിക്കുന്നതിനു മുമ്പ് നിങ്ങൾ മുസ്‌ലിംകളായിക്കൊള്ളുക.' അപ്പോൾ അവർ പറഞ്ഞു: 'അല്ലയോ മുഹമ്മദ്, യുദ്ധം അറിയാത്ത ക്വുറൈശികളിലെ ചില ദുർബലരെ നീ കൊലപ്പെടുത്തി എന്നുള്ളത് നിന്നെ ചതിയിലകപ്പെടുത്താതിരിക്കട്ടെ. നീയെങ്ങാനും ഞങ്ങളോട് യുദ്ധം ചെയ്താൽ ഞങ്ങൾ ആൺകുട്ടികളാണെന്ന് നീ മനസ്സിലാക്കും. ഞങ്ങളെപ്പോലുള്ളവരുമായി നീ ഏറ്റുമുട്ടിയിട്ടില്ല.' അപ്പോൾ അല്ലാഹു ഈ ആയത്ത് അവതരിപ്പിച്ചു: "(നബിയേ,) നീ സത്യനിഷേധികളോട് പറയുക: നിങ്ങൾ കീഴടക്കപ്പെടുന്നതും നരകത്തിലേക്ക് കൂട്ടത്തോടെ നയിക്കപ്പെടുന്നതുമാണ്. അതെത്ര ചീത്തയായ വിശ്രമസ്ഥലം! (ബദ്റിൽ) ഏറ്റുമുട്ടിയ ആ രണ്ട് വിഭാഗങ്ങളിൽ തീർച്ചയായും നിങ്ങൾക്കൊരു ദൃഷ്ടാന്തമുണ്ട്. ഒരു വിഭാഗം അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. മറുവിഭാഗമാകട്ടെ സത്യനിഷേധികളും. (അവിശ്വാസികൾക്ക്) തങ്ങളുടെ ദൃഷ്ടിയിൽ അവർ (വിശ്വാസികൾ) തങ്ങളുടെ ഇരട്ടിയുണ്ടെന്നാണ് തോന്നിയിരുന്നത്. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ സഹായം കൊണ്ട്പിൻബലം നൽകുന്നു. തീർച്ചയായും കണ്ണുള്ളവർക്ക് അതിൽ ഒരു ഗുണപാഠമുണ്ട്" (ആലുഇംറാൻ: 12,13) (അബൂദാവൂദ്: 3001).



ജൂതന്മാർ അവരുടെ കരാർ ലംഘനം തുടരുകയാണ് എന്ന് മനസ്സിലാക്കിയപ്പോൾ മദീനയിൽ അബൂലുബാബرضي الله عنهയെ ഏൽപിച്ചു കൊണ്ട് നബിﷺ ജൂതന്മാരിലേക്ക് പുറപ്പെട്ടു. ഹംസرضي الله عنهയുടെ കയ്യിൽ കൊടിയും നൽകി. മുസ്‌ലിം സൈന്യത്തെ കണ്ടപ്പോൾ ജൂതന്മാർ അവരുടെ കോട്ടകളിൽ അഭയം തേടി. നബിﷺ തന്റെ സ്വഹാബിമാരെക്കൊണ്ട് ആ കോട്ട വലയം ചെയ്യുകയും 15 ദിവസത്തോളം ഇതു തുടരുകയും ചെയ്തു. ദുൽക്വഅ്ദ മാസത്തിന്റെ തുടക്കമായപ്പോൾ അല്ലാഹു ജൂതൻമാരുടെ ഹൃദയങ്ങളിൽ ഭയം ഇട്ടുകൊടുക്കുകയും അവർ പ്രവാചകന്റെ തീരുമാനത്തിന് വഴിപ്പെട്ടുകൊണ്ട് ഇറങ്ങിവരികയും ചെയ്തു. അവരെ ബന്ധിക്കുവാനുള്ള കൽപന നബിﷺ കൊടുക്കുകയും ചെയ്തു. ഇത് അറിഞ്ഞ പാടെ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു ഉബയ്യ്ബ്നു സലൂൽ രംഗത്തുവന്നു. ജൂതന്മാർക്ക് മാപ്പ് കൊടുക്കണമെന്നും അവർ ഞങ്ങളുടെ കക്ഷികളാണ് എന്നും നബിയോട് അവർ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു. പക്ഷേ, അവരുടെ അപേക്ഷയെ നബിﷺ നിരസിക്കുകയാണ് ചെയ്തത്. ജൂതന്മാരോടും അവരുടെ സ്ത്രീകളോടും കുട്ടികളോടും മദീനയിൽ നിന്ന് പുറത്തുപോകുവാനുള്ള കൽപനയാണ് നബിﷺ നൽകിയത്. മൂന്ന് ദിവസത്തെ സാവകാശവും അവർക്ക് നൽകി. അവരെ പുറത്താക്കുന്ന വിഷയത്തിന്റെ നേതൃത്വം ഉബാദതുബ്നു സ്വാമിതിനെയാണ് ഏൽപിച്ചത്. മൂന്ന് ദിവസം ആയപ്പോൾ അവർ മദീനയിൽ നിന്ന് ശാമിന്റെ ഭാഗങ്ങ

ളിലേക്ക് യാത്രയായി. അവരുടെ സ്വത്തുക്കൾ ഏറ്റെടുക്കുന്ന വിഷയം മുഹമ്മദ് ഇബ്നു മസ്‌ലമക്കായിരുന്നു. അഞ്ചിൽ ഒന്ന് മാറ്റി വെച്ചതിനു ശേഷം ബാക്കിയുള്ളത് സ്വഹാബികൾക്കിടയിൽ വിഹിതം വെച്ചു. അങ്ങനെ മദീനയിലെ ജൂതന്മാരുടെ സ്വത്തുക്കൾ മുസ്‌ലിംകൾക്ക് ഗനീമത്തായി ലഭിച്ചു. ബനൂ കൈനുക്വാഉകാർ ആലപ്പണിക്കാരായതു കൊണ്ട് അവർക്ക് കൃഷിയിടങ്ങൾ ഉണ്ടായിരുന്നില്ല. ഇതോടെ മദീനയിൽ ഉണ്ടായിരുന്ന എല്ലാ ജൂതന്മാരെയും നബി പുറത്തിറക്കുകയുണ്ടായി (ബുഖാരി: 4028, മുസ്‌ലിം: 1766).

ബനൂകൈനുക്വാഉകാർ നബിﷺയോട് യുദ്ധത്തിന് ഒരുങ്ങിയപ്പോൾ തന്നെ ഉബാദതുബ്നു സ്വാമിത്ﷺ അവരുമായുള്ള സഖ്യത്തിൽ നിന്ന് ഒഴിഞ്ഞുമാറിയിരുന്നു.

**(6) സവീഖ് യുദ്ധം:** ഹിജ്റ രണ്ടാം വർഷം ദുൽഹജ്ജ് അഞ്ചിനാണ് ഈ യുദ്ധം ഉണ്ടാകുന്നത്. അബൂസുഫ്‌യാന്റെ കച്ചവടസംഘവും യുദ്ധത്തിൽ പരാജയപ്പെട്ട ക്വുറൈശി സൈന്യവും മക്കയിൽ എത്തിയപ്പോൾ ജനാബത്ത് (വലിയ അശുദ്ധി) ഉണ്ടായാൽ പോലും മുഹമ്മദിനോടു യുദ്ധം ചെയ്യുകയും തന്റെ അനുയായികളുടെ കാര്യത്തിൽ പകരം വീട്ടുകയും ചെയ്യുന്നത് വരെ തലയിൽ വെള്ളം തട്ടിക്കുകയില്ല എന്ന് അബൂസുഫ്‌യാൻ നേർച്ചനേർന്നു. അങ്ങനെ അബൂസുഫ്‌യാൻ ക്വുറൈശികളിൽ നിന്നുള്ള 200 പേരെ കൂട്ടി പുറപ്പെടുകയാണ്. മദീനയുടെ പരിസര പ്രദേശങ്ങളിലേക്ക് അവർ രാത്രിയിൽ എത്തിച്ചേർന്നു. ബനൂനളീറിൽ അഭയം പ്രാപിക്കുകയും ചെയ്തു. ബനൂനളീറിന്റെ നേതാവായ സല്ലാം ഇബ്നു മിശ്കമിന്റെ അടുക്കലാണ് അവർ ഇറങ്ങിയത്. ഈ ജൂതൻ നബിയെക്കുറിച്ചും സ്വഹാബിമാരെക്കുറിച്ചും അബൂസുഫിയാന് വിവരങ്ങൾ നൽകി. മദീനയുടെ ഒരു വശത്തുകൂടെ അബൂസുഫ്‌യാൻ കടന്നു ചെല്ലുകയും വാക്കിം എന്ന താഴ്‌വരയിലെത്തി രണ്ട് ആളുകളെ കൊലപ്പെടുത്തുകയും ചെയ്തു. ഈത്തപ്പന മരങ്ങൾ കത്തിച്ചു. ശേഷം മക്കയിലേക്ക് ഓടി രക്ഷപ്പെടുകയും ചെയ്തു. ഈ വിവരം അറിഞ്ഞ നബിﷺ മുഹാജിറുകളിൽ നിന്നും അൻസ്വാറുകളിൽ നിന്നുമായി 200 പേരെ കൂട്ടി ഇവരുടെ പിറകെ പുറപ്പെട്ടു. മദീനയുടെ നേതൃത്വം അബൂലുബാബയെﷺയാണ് ഏൽപിച്ചിരുന്നത്. അബൂസുഫ്‌യാന്റെ കയ്യിൽ ഗോതമ്പ് പൊടി നിറച്ച ചാക്കുകൾ ഉണ്ടായിരുന്നു. ഭക്ഷണത്തിനായും ഒളിഞ്ഞിരിക്കാനും ഇത് അവർ ഉപയോഗിച്ചിരുന്നു. ഈ ഗോതമ്പു ചാക്കുകൾ വഴിയിൽ ഇട്ടു കൊണ്ടാണ് അവർ ഓടിപ്പോയത്. ഗോതമ്പുപൊടി എന്ന അർഥം വരുന്ന സവീഖ് യുദ്ധം എന്ന പേര് ലഭിച്ചത് ഇക്കാരണത്താലാണ്. ഖർഖറതുൽ കദിർ എന്ന സ്ഥലം വരെ നബിﷺ അവരെ തുടർന്നുവെങ്കിലും അബൂസുഫ്‌യാനും അനുയായികളും രക്ഷപ്പെടുകയുണ്ടായി. നബിയും അനുയായികളും മദീനയിലേക്ക് തിരിച്ചു പോന്നു. അഞ്ചു ദിവസമാണ് മദീനയിൽ നിന്ന് ഈ യുദ്ധത്തിനായി അവർ വിട്ടുനിന്നത്.

**ഹിജ്റ രണ്ടാം വർഷത്തിലെ മരണങ്ങൾ:** ദുൽഹജ്ജ് മാസത്തിൽ ഉസ്മാൻ ഇബ്നു മള്ഊൻﷺ മരണപ്പെടുകയുണ്ടായി. ഇസ്‌ലാമിലേക്ക് ആദ്യകാലത്ത് കടന്നുവന്ന ആളായിരുന്നു അദ്ദേഹം. അബിസീനിയയിലേക്ക് ഹിജ്റ പോയിരുന്നു. പിന്നീട് മദീനയിലേക്ക് മുഹാജിറായി വന്നു. ബദ്റിൽ പങ്കെടുത്തു. ഏറ്റവും കൂടുതലായി ആരാധന നിർവഹിച്ചിരുന്ന പ്രധാനികളിൽ ഒരാളായിരുന്നു അദ്ദേഹം. പകലുകളിൽ നോമ്പെടുക്കുകയും രാത്രികളിൽ നമസ്കരിക്കുകയും ചെയ്യുമായിരുന്നു. ധാരാളമായി സമ്പത്ത് ചെലവഴിച്ചിരുന്ന ധനികനും കൂടിയായിരുന്നു അദ്ദേഹം. ബക്വീഇലാണ് അദ്ദേഹത്തെ മറവ് ചെയ്തത്. മുഹാജിറുകളിൽ നിന്ന് ആദ്യമായി ബക്വീഇൽ മറമാടപ്പെടുന്ന വ്യക്തിയും ഇദ്ദേഹമാണ്. ഹിജ്റ രണ്ടാം വർഷം മരണപ്പെട്ടവരിൽ ബദ്റിൽ പങ്കെടുത്ത ശുഹദാക്കളും ഉൾപ്പെടും. പതിനാല് പേരാണ് ശഹീദായത്. അതിൽ മുഹാജിറുകളും അൻസ്വാറുകളും ഉണ്ടായിരുന്നു. ബദ്റിൽ വിശ്വാസികൾ വിജയിച്ച സന്തോഷ വാർത്ത മദീനയിൽ എത്തുന്ന സന്ദർഭത്തിലാണ് നബിﷺയുടെ മകൾ റുഖിയ്യﷺ മരണപ്പെട്ടത്.

ക്വുറൈശികളിലെ പ്രമുഖരായ എഴുപതു പേർ ഈ വർഷം കൊല്ലപ്പെട്ടു. ബദ്ർ യുദ്ധത്തിൽ വെച്ചായിരുന്നു അത്. അവരിൽ ചിലരുടെ പേരുകൾ മുമ്പ് നാം സൂചിപ്പിച്ചിട്ടുണ്ട്. ●

**മുൻ സമൂഹങ്ങളിലും നിലവിലുണ്ടായിരുന്ന ഇസ്‌ലാമിലെ സുപ്രധാനമായ ഒരു ആരാധനയാണ് സകാത്ത്. രണ്ടു ഘട്ടങ്ങളിലായിക്കൊണ്ടാണ് സകാത്തിന്റെ നിയമം അവതരിക്കുന്നത്. അതിലൊന്ന് മക്കാ കാലഘട്ടത്തിൽ ഉണ്ടായിരുന്ന നിയമമാണ്. അതായത് ഇന്ന സമ്പത്തിന് ഇത്ര സകാത്ത് കൊടുക്കണമെന്ന നിയമങ്ങളോ മറ്റോ ഇല്ലാതെ പൊതുവായിക്കൊണ്ട് കൊടുക്കുക എന്ന അർഥത്തിൽ, ജനങ്ങൾക്ക് നന്മ ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയുള്ളത്.**

അബ്ദുല്ല ബാസിൽ സി.പി
basilcpknr@gmail.com





# പ്രകൃതിദുരന്തങ്ങളും ദൈവനിഷേധികളും

**പ്രളയം തകർത്ത ജീവിതങ്ങളെയും സ്വപ്നങ്ങളെയും തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ് കേരളത്തിലെ ജനങ്ങൾ. മത-രാഷ്ട്രീയ-കക്ഷി ഭേദമന്യെ സുമനസ്സുകൾ കൈകോർത്ത് കാരുണ്യത്തിന്റെയും പരസ്പരസ്നേഹത്തിന്റെയും ഉദാത്ത മാതൃകകൾ തീർക്കുമ്പോഴും ഇരകൾക്ക് വേണ്ടി ചെറുവിരലനക്കാതെ, മാറി നിന്ന് പരിഹസിക്കുന്ന ഒരു വിഭാഗത്തെ ഏറെ അത്ഭുതത്തോടെയാണ് മലയാളികൾ നോക്കിക്കണ്ടത് ! വെള്ളമിറങ്ങിയിട്ടും മനസ്സിലെ ചെളി നീക്കാൻ കഴിയാത്ത ഇത്തരം ദൈവനിഷേധികളുടെ ജൽപനങ്ങളിൽ എന്തെങ്കിലും യുക്തിയുണ്ടോ?**

വീണ്ടുമൊരു പ്രളയത്തിന് കൂടി കേരളം സാക്ഷിയായിരിക്കുകയാണ്. ഏതാനും ദിവസങ്ങൾകൊണ്ട് കിടപ്പാടം നഷ്ടപ്പെട്ടവരെയും സ്വന്തം ശരീരം മാത്രം ബാക്കിയായവരെയും ഗ്രാമങ്ങൾ തന്നെ നാമാവശേഷമായതുമെല്ലാം വേദനയോടെ നാം കണ്ടു, അനുഭവിച്ചു. പ്രളയം തകർത്ത ജീവിതങ്ങളെയും സ്വപ്നങ്ങളെയും സാധിക്കുന്നിടത്തോളം തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ് മനുഷ്യസ്നേഹികൾ. മനുഷ്യസ്നേഹത്തിന്റെയും അണപൊട്ടിയൊഴുകുന്ന കാരുണ്യത്തിന്റെയും ഉദാത്ത മാതൃകകൾ ബാക്കിവെച്ചാണ് ഇത്തവണയും വെള്ളമിറങ്ങുന്നത് എന്നത് ഏറെ സന്തോഷകരവും കൂടിയാണ്.

എന്നാൽ ഈ പ്രളയത്തെ ഒരു 'അവസരമായി' കണ്ട് തങ്ങളുടെ ആശയപ്രചാരണത്തിന് ഉപയോഗിച്ച ചിലയാളുകളുണ്ട്. കഴുത്തറ്റം വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന ഒരു ജനതയോട് 'എവിടെ നിങ്ങളുടെ ദൈവം' എന്ന് ചോദിക്കുന്ന 'മഹാദുരന്ത'ങ്ങളുടെ അനൗചിത്യം സമൂഹമാധ്യമങ്ങളിലടക്കം ചർച്ചയായയെങ്കിലും അവർ ഉയർത്തിവിട്ട ചില ചിന്തകൾ കൃത്യമായ വിശകലനത്തിന് വിധേയമാക്കേണ്ടത് കൂടിയുണ്ട് എന്ന് തോന്നുന്നു.

ദൈവനിഷേധികളുടെ എക്കാലത്തെയും ആയുധമാണ് മനുഷ്യനെ ബാധിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും. ദൈവമുണ്ടെങ്കിൽ, ആ ദൈവം കാരുണ്യവാനും എല്ലാറ്റിനും കഴിവുള്ളവനുമാണെങ്കിൽ എന്തുകൊണ്ട് ദുരന്തങ്ങൾ തടഞ്ഞില്ല? എല്ലാറ്റിനും കഴിവുള്ളവനാണെങ്കിൽ എന്തുകൊണ്ട് ഈ ലോകത്ത് നടക്കുന്ന തിന്മകൾ തടയുന്നില്ല? അതുകൊണ്ട് തന്നെ പ്രയാസങ്ങളും ദുരിതങ്ങളും തിന്മകളും ഉണ്ടാകുന്നതിന്റെ അർഥം ഒന്നുകിൽ ദൈവമില്ല എന്നാണ്, അല്ലെങ്കിൽ ആ ദൈവം നിങ്ങൾ പറയുന്നത് പോലെ കാരുണ്യവാനും എല്ലാറ്റിനും കഴിവുള്ളവനും അല്ല എന്നാണ്. ഇതാണ് ഇവരുടെ വാദത്തിന്റെ ആകെത്തുക.

ഇസ്‌ലാം മതവുമായി ബന്ധപ്പെട്ട കാര്യമാണ് ഇതിൽ ചർച്ചക്ക് വിധേയമാക്കുന്നത്. ഇസ്‌ലാം പഠിപ്പിക്കുന്ന ദൈവവിശ്വാസത്തെ പറ്റിയുള്ള അജ്ഞതയിൽ നിന്നാണ് ഈ സംശയം ഇവർ ഉന്നയിക്കുന്നത്. തീർച്ചയായും ഇസ്‌ലാം പഠിപ്പിക്കുന്ന അല്ലാഹു കാരുണ്യവാനും (അർറഹ്മാൻ) എല്ലാറ്റിനും കഴിവുള്ളവനും (അൽക്വദീർ) തന്നെയാണ്. എന്നാൽ ഇത് മാത്രമാണ് ദൈവത്തിന്റെ വിശേഷണങ്ങൾ എന്ന് കരുതിയേടത്താണ് ഭൗതികവാദികൾക്ക് തെറ്റുപറ്റിയത്. ഇതോടൊപ്പം തന്നെ മറ്റനേകം നാമഗുണവിശേഷണങ്ങൾ ദൈവത്തിനുണ്ട്. എന്നാൽ അങ്ങനെയുള്ള വിശേഷണങ്ങളെയെല്ലാം അവഗണിക്കുകയും കാരുണ്യവാൻ, എല്ലാറ്റിനും കഴിവുള്ളവൻ എന്നീ രണ്ട് വിശേഷണങ്ങളെ മാത്രം പരിഗണിക്കുകയുമാണ് ഇത്തരക്കാർ ചെയ്യുന്നത്.

ഉദാഹരണത്തിന് ദൈവത്തിന്റെ മറ്റൊരു വിശേഷണമാണ് 'അൽഹകീം' അഥവാ ഏറ്റവും വിവേകശാലിയായവൻ എന്നത്. എന്നുവെച്ചാൽ പടച്ചവന്റെ തീരുമാനങ്ങളെല്ലാം ആ ദൈവികമായ വിവേകത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. നമ്മുടെ പരിമിതമായ അറിവും കഴിവും കൊണ്ട് എല്ലാറ്റിന്റെ പിന്നിലുമുള്ള ദൈവികമായ വിവേകം പൂർണമായി മനസ്സിലാക്കാൻ നമുക്ക് സാധിച്ചുകൊള്ളണം എന്നില്ല. ദൈവത്തിന് അറിവിന്റെയും വിവേകത്തിന്റെയും പൂർണതയുണ്ടെന്നും നമ്മുടെത് പരിമിതമാണെന്നുമുള്ള തിരിച്ചറിവാണ് ഏറ്റവുമാദ്യം വേണ്ടത്. പ്രത്യക്ഷത്തിൽ നമുക്ക് ദോഷകരമായി തോന്നുന്ന കാര്യങ്ങൾക്ക് പിന്നിലും ദൈവികമായ ഒരു വിവേകമുണ്ട് എന്ന തിരിച്ചറിവ് വിശ്വാസികൾക്ക് മനഃശക്തിയും ശുഭാപ്തിവിശ്വാസവുമാണ് ഉണ്ടാക്കുക. എല്ലാറ്റിന് പിന്നിലും ഒരു കാരണമുണ്ട് എന്ന് 'അൽഹകീം' എന്ന വിശേഷണത്തിലൂടെ മനസ്സിലാക്കിയാൽ ഇവരുടെ വാദങ്ങൾക്ക് നിലനിൽപുണ്ടാകില്ല.

ജീവിതത്തിൽ നാമനുഭവിക്കുന്ന പ്രയാസങ്ങൾക്കും ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കുമെല്ലാം-അത് പ്രകൃതിദുരന്തങ്ങളാണെങ്കിലും മനുഷ്യർ ചെയ്തുകൂട്ടുന്നതാണെങ്കിലും- ഇസ്‌ലാമിക ജീവിതവീക്ഷണ പ്രകാരം കൃത്യമായ വിശദീകരണങ്ങൾ നമുക്ക് നൽകാനാകും. അവയിൽ ചിലത് മാത്രം സൂചിപ്പിക്കുകയാണ്:



**ദൈവനിഷേധികളുടെ എക്കാലത്തെയും ആയുധമാണ് മനുഷ്യനെ ബാധിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും. ദൈവമുണ്ടെങ്കിൽ, ആ ദൈവം കാരുണ്യവാനും എല്ലാറ്റിനും കഴിവുള്ളവനുമാണെങ്കിൽ എന്തുകൊണ്ട് ദുരന്തങ്ങൾ തടഞ്ഞില്ല? എല്ലാറ്റിനും കഴിവുള്ളവനാണെങ്കിൽ എന്തുകൊണ്ട് ഈ ലോകത്ത് നടക്കുന്ന തിന്മകൾ തടയുന്നില്ല? അതുകൊണ്ട് തന്നെ പ്രയാസങ്ങളും ദുരിതങ്ങളും തിന്മകളും ഉണ്ടാകുന്നതിന്റെ അർഥം ഒന്നുകിൽ ദൈവമില്ല എന്നാണ്, അല്ലെങ്കിൽ ആ ദൈവം നിങ്ങൾ പറയുന്നത് പോലെ കാരുണ്യവാനും എല്ലാറ്റിനും കഴിവുള്ളവനും അല്ല എന്നാണ്. ഇതാണ് ഇവരുടെ വാദത്തിന്റെ ആകെത്തുക.**

### 1. ജീവിതം പരീക്ഷണമാണ്

'കത്വയിലെ പിഞ്ചുകുഞ്ഞിനെ എട്ടുദിവസം മാറിമാറി പീഡിപ്പിക്കുന്നത് നോക്കി നിന്നവനാണ് നിങ്ങളുടെ ദൈവമെങ്കിൽ ആ ദൈവത്തിൽ എനിക്ക് വിശ്വാസമില്ല...' എന്റെയൊരു ദൈവനിഷേധിയായ സുഹൃത്ത് പറഞ്ഞ വാചകമാണിത്!

ലോകത്ത് എന്ത് സംഭവിക്കുമ്പോഴും അപ്പപ്പോൾ ഇടപെട്ട് തീർപ്പുണ്ടാക്കുന്ന ഒരു ദൈവമാണ് ഇവരുടെയൊക്കെ മനസ്സിൽ. അതിന് ദൈവത്തിന് കഴിവുണ്ടെങ്കിൽ പോലും അങ്ങനെ ഇടപെടുന്നവനല്ല ദൈവം എന്ന് ഇസ്‌ലാമികാധ്യപനങ്ങളിലൂടെ വ്യക്തമായ കാര്യമാണ്. ഈ ലോകത്തെ നമ്മുടെ ജീവിതം തന്നെ ഒരു പരീക്ഷണമാണ്. നന്മയും തിന്മയും സ്വീകരിക്കാനുള്ള സ്വതന്ത്രമായ ഇഛ മനുഷ്യന് നൽകിയാണ് ദൈവം അവനെ സൃഷ്ടിച്ചത്.

“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽ നിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാൻ വേണ്ടി. അങ്ങനെ നാം അവനെ കേൾവിയുള്ളനും കാഴ്ചയുള്ളവാനുമാക്കിയിരിക്കുന്നു. തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദി കെട്ടവനാകുന്നു” (ക്വുർആൻ 76:2,3).

എന്തുകാര്യത്തിലും നന്മയുടെ വഴി സ്വീകരിക്കാനും തിന്മയുടെ വഴി സ്വീകരിക്കാനുമുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. അത് വ്യക്തിപരമായി തിന്മകൾ ചെയ്യാനുള്ള സ്വാതന്ത്ര്യം കൂടിയാണ്. എന്തിനങ്ങനെ മനുഷ്യരെ തിന്മകൾ ചെയ്യാൻ അനുവദിക്കണം എന്നതിന്റെ ഉത്തരം; ജീവിതം പരീക്ഷണമാക്കി നന്മയും തിന്മയും തിരഞ്ഞെടുക്കാനുള്ള അവസരം മനുഷ്യന് സ്രഷ്ടാവ് നൽകിയിട്ടുണ്ട് എന്നത് തന്നെയാണ്. നന്മയും തിന്മയും തിരഞ്ഞെടുക്കാൻ അവസരമില്ലെങ്കിൽ പിന്നെ പരീക്ഷണം എന്ന് പറയുന്നതിൽ എന്തർഥമാണുള്ളത്? നമ്മൾ തിന്മ ചെയ്യുമ്പോഴെല്ലാം ദൈവം ഇടപെട്ട് അത് ഇല്ലാതാക്കുകയോ തടയുകയോ ചെയ്യുകയാണെങ്കിൽ പിന്നെ 'പരീക്ഷണം' അർഥശൂന്യമാണ്. പരീക്ഷയെഴുതുന്ന വിദ്യാർഥി തെറ്റ് എഴുതുമ്പോഴെല്ലാം ഇടപെട്ട് ശരിയുത്തരം ആക്കുകയാണെങ്കിൽ പിന്നെ അതിനെ പരീക്ഷയെന്ന് പറയേണ്ട കാര്യമില്ലല്ലോ.

എന്നാൽ ഇങ്ങനെ തിന്മകൾ നടക്കുന്നു എന്നത് സ്രഷ്ടാവിന് സ്വന്തം സൃഷ്ടികളെ അനുസരിപ്പിക്കാൻ കഴിയുന്നില്ല എന്നതിന് തെളിവാണോ? ഒരിക്കലുമല്ല! കാരണം എല്ലാം അനുസരിക്കുന്ന, നന്മ മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സൃഷ്ടിവർഗത്തെ (മലക്കുകളെ) സൃഷ്ടിച്ച ദൈവത്തിന് അതിന് സാധിക്കും എന്ന് വ്യക്തമാണ്. അതിൽ നിന്ന് വ്യത്യസ്തമായി നന്മയും തിന്മയും ചെയ്യാൻ സ്വാതന്ത്ര്യമുള്ള സൃഷ്ടികളെയും ദൈവത്തിന് സൃഷ്ടിക്കാനാവും എന്നതിന്റെ തെളിവാണ് മനുഷ്യരും ജിന്നുകളും.

പ്രകൃതിദുരന്തങ്ങളോ മനുഷ്യർ ചെയ്തുകൂട്ടുന്ന തിന്മകളോ ഉണ്ടാകുമ്പോൾ  നാം അതിനോടെങ്ങനെ പ്രതികരിക്കുന്നു എന്നതാണ് നമുക്കുള്ള പരീക്ഷണം. പരീക്ഷണങ്ങളിലൂടെയാണ് ക്ഷമ എന്ന ഗുണം പരിപോഷിപ്പിക്കപ്പെടുന്നത്. സ്നേഹവും സഹാനുഭൂതിയും ദയയുമെല്ലാം അങ്ങനെത്തന്നെ. ഈ പരീക്ഷണങ്ങളിൽ ഏറ്റവും നന്നായി പ്രതികരിക്കാൻ ഒരു  വിശ്വാസിക്കാവുന്നു.

മുഹമ്മദ് നബിﷺ പറഞ്ഞു: “ഒരു വിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെ! അവന് എന്ത് ബാധിച്ചാലും അതവന് നന്മയായി ഭവിക്കുന്നു. ഇത് വിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. എന്തെങ്കിലും നല്ല കാര്യം അവനെ ബാധിച്ചാൽ അവൻ നന്ദി ചെയ്യുന്നു, അതവന് നന്മയാണ്. എന്തെങ്കിലും മോശം കാര്യം അവനെ ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു, അതും അവന് നന്മയാണ്” (മുസ്‌ലിം).

എന്തിനാണ് ഇത്തരത്തിൽ പരീക്ഷണം? അവി

**എന്തുകാര്യത്തിലും നന്മയുടെ വഴി സ്വീകരിക്കാനും തിന്മയുടെ വഴി സ്വീകരിക്കാനുമുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. അത് വ്യക്തിപരമായി തിന്മകൾ ചെയ്യാനുള്ള സ്വാതന്ത്ര്യം കൂടിയാണ്. എന്തിനങ്ങനെ മനുഷ്യരെ തിന്മകൾ ചെയ്യാൻ അനുവദിക്കണം എന്നതിന്റെ ഉത്തരം; ജീവിതം പരീക്ഷണമാക്കി നന്മയും തിന്മയും തിരഞ്ഞെടുക്കാനുള്ള അവസരം മനുഷ്യന് സ്രഷ്ടാവ് നൽകിയിട്ടുണ്ട് എന്നത് തന്നെയാണ്. നന്മയും തിന്മയും തിരഞ്ഞെടുക്കാൻ അവസരമില്ലെങ്കിൽ പിന്നെ പരീക്ഷണം എന്ന് പറയുന്നതിൽ എന്തർഥമാണുള്ളത്? നമ്മൾ തിന്മ ചെയ്യുമ്പോഴെല്ലാം ദൈവം ഇടപെട്ട് അത് ഇല്ലാതാക്കുകയോ തടയുകയോ ചെയ്യുകയാണെങ്കിൽ പിന്നെ 'പരീക്ഷണം' അർഥശൂന്യമാണ്. പരീക്ഷയെഴുതുന്ന വിദ്യാർഥി തെറ്റ് എഴുതുമ്പോഴെല്ലാം ഇടപെട്ട് ശരിയുത്തരം ആക്കുകയാണെങ്കിൽ പിന്നെ അതിനെ പരീക്ഷയെന്ന് പറയേണ്ട കാര്യമില്ലല്ലോ.**

**പ്രളയാനന്തര കേരളത്തിന് ഇത് പ്രത്യേകിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല. മഹാപ്രളയത്തിൽ ഒലിച്ചുപോയ ഭൗതിക വിഭവങ്ങളെ കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും പ്രളയം കൊണ്ട് നിറംകെടുത്തിയവരാണ് നമ്മൾ മലയാളികൾ. 'നമ്മളൊന്നും കൊണ്ട് പോകില്ലല്ലോ, എല്ലാം അവൻ തരും' എന്ന് മുകളിലേക്ക് കൈചൂണ്ടി ആത്മവിശ്വാസത്തോടെ കൈമറന്നു സഹായിക്കുന്ന നൗഷാദുമാർ തന്നെ പോരേ ഇത് മനസ്സിലാക്കിത്തരാൻ?! ഏതാനും വ്യക്തികൾ ചെയ്യുന്ന വലിയ നന്മകൾ മാത്രമല്ല, സമൂഹത്തിൽ പൊതുവായി തന്നെ സ്നേഹവും കാരുണ്യവും സഹാനുഭൂതിയുമെല്ലാം വളർത്താൻ പ്രത്യക്ഷത്തിൽ നമുക്ക് പ്രയാസമായി തോന്നുന്ന കാര്യങ്ങൾ വഴിവെക്കും എന്നതാണ് വസ്തുത. ആ നന്മകൾക്ക് ഒരിക്കലും നമുക്ക് ഭൗതികമായി അനുഭവിക്കുന്ന തിന്മകളുടെ അതേ മൂല്യവുമല്ല!**



ടെയാണ് 'ഏറ്റവും നീതിമാൻ' എന്ന നിരീശ്വരവാദികൾ അവഗണിച്ച ദൈവത്തിന്റെ മറ്റൊരു വിശേഷണം പ്രസക്തമാകുന്നത്. എല്ലാവരെയും മരണാനന്തരം സ്വർഗത്തിലാക്കുകയാണെങ്കിൽ അതൊരിക്കലും ഈ വിശേഷണത്തോട് യോജിക്കുകയില്ല. കത്വയിൽ എട്ടു ദിവസം പിഞ്ചുകുഞ്ഞിനെ പീഡിപ്പിച്ചവരും ആ കുഞ്ഞും ഭൗതികവാദിയുടെ കണ്ണിൽ മരണശേഷം ഒരുപോലെയായിരിക്കാം. പക്ഷേ, ഏറ്റവും നീതിമാനായ ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് അങ്ങനെയല്ല, അതിനുള്ള കൃത്യമായ നീതി നടപ്പിലാവുക തന്നെ ചെയ്യും!

**2. കൂടുതൽ വലിയ നന്മകളിലേക്ക് നയിക്കുന്നു**

പിന്നെയുള്ള പ്രശ്നം ഇത്തരം പ്രയാസങ്ങളും ദുരിതങ്ങളും ദൈവത്തിന്റെ മറ്റ് വിശേഷണങ്ങൾ കൊണ്ട് വിശദീകരിക്കാൻ സാധിച്ചേക്കാം, എന്നാൽ അത് 'കാരുണ്യവാൻ' എന്ന വിശേഷണത്തിന് എതിരാവുകയില്ലേ എന്നതാണ്. നാം നമ്മുടെ വീക്ഷണകോണിലൂടെ മാത്രം കാര്യങ്ങളെ വിലയിരുത്തുകയും ദൈവം നമ്മെ പോലെയാണ് എന്ന് കരുതുകയും ചെയ്യുമ്പോഴുള്ള പ്രശ്നം മാത്രമാണിത്.

പ്രത്യക്ഷത്തിൽ നമുക്ക് നല്ലതായി അനുഭവപ്പെടുന്ന പല കാര്യങ്ങളുമുണ്ട്. ഭൗതിക നേട്ടങ്ങൾ, സന്തോഷങ്ങൾ എന്നിങ്ങനെ പലതും. അവയെ നമുക്ക് 'ഫസ്റ്റ് ഓർഡർ ഗുഡ്' (first order good) എന്ന് വിളിക്കാം. പ്രത്യക്ഷത്തിൽ നമുക്ക് തിന്മയായി അനുഭവപ്പെടുന്ന ഭൗതികമായ വിഭവനഷ്ടം, ധനനഷ്ടം, ആൾനഷ്ടം എന്നിങ്ങനെയുള്ളവയെ നമുക്ക് first order evil എന്നും വിശേഷിപ്പിക്കാം. ഇങ്ങനെയുള്ള, പ്രത്യക്ഷത്തിൽ നമുക്ക് ദോഷമായി ഭവിക്കുന്ന പലതും കൂടുതൽ വലിയ നന്മകളിലേക്ക് (second order good) വഴിവെക്കുന്നതായി നമുക്ക് കാണാൻ സാധിക്കും.

പ്രളയാനന്തര കേരളത്തിന് ഇത് പ്രത്യേകിച്ച് വിശദീകരിച്ചു കൊടുക്കേണ്ടതുണ്ടെന്ന് കരുതുന്നില്ല. മഹാപ്രളയത്തിൽ ഒലിച്ചുപോയ ഭൗതിക വിഭവങ്ങളെ കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും പ്രളയം കൊണ്ട് നിറംകെടുത്തിയവരാണ് നമ്മൾ മലയാളികൾ. 'നമ്മളൊന്നും കൊണ്ട് പോകില്ലല്ലോ, എല്ലാം അവൻ തരും' എന്ന് മുകളിലേക്ക് കൈചൂണ്ടി ആത്മവിശ്വാസത്തോടെ കൈമറന്നു സഹായിക്കുന്ന നൗഷാദുമാർ തന്നെ പോരേ ഇത് മനസ്സിലാക്കിത്തരാൻ?! ഏതാനും വ്യക്തികൾ ചെയ്യുന്ന വലിയ നന്മകൾ മാത്രമല്ല, സമൂഹത്തിൽ പൊതുവായി തന്നെ സ്നേഹവും കാരുണ്യവും സഹാനുഭൂതിയുമെല്ലാം വളർത്താൻ പ്രത്യക്ഷത്തിൽ നമുക്ക് പ്രയാസമായി തോന്നുന്ന കാര്യങ്ങൾ വഴിവെക്കും എന്നതാണ് വസ്തുത. പ്രളയാനന്തരം എ

ല്ലാ തിരക്കുകളും മാറ്റിവെച്ച് വീടുകൾ വൃത്തിയാക്കാനും മറ്റും ഒഴുകിയെത്തുന്ന യുവജനങ്ങളും വിവിധ ജില്ലകളിൽ നിന്ന് നിർത്താതെ പ്രവഹിക്കുന്ന സാധനസാമഗ്രികളുടെ 'ലോഡു'കളും വിവിധ മത-സാംസ്കാരിക സംഘടനകളുടെ സ്തുത്യർഹമായ പ്രവർത്തനങ്ങളുമെല്ലാം അതിന്റെ ഉദാഹരണങ്ങൾ മാത്രമാണ്. ആ നന്മകൾക്ക് ഒരിക്കലും നമുക്ക് ഭൗതികമായി അനുഭവിക്കുന്ന തിന്മകളുടെ അതേ മൂല്യവുമല്ല!

"പറയുക, നല്ലതും ചീത്തയും സമമാവുകയില്ല. ചീത്തയുടെ വർധനവ് നിന്നെ അത്ഭുതപ്പെടുത്തിയാലും ശരി. അതിനാൽ ബുദ്ധിമാന്മാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (ക്വുർആൻ 5:100).

ഇങ്ങനെ എല്ലാറ്റിന് പിന്നിലും ദൈവത്തിന്റെ വിവേകവും നിശ്ചയവുമുണ്ട് എന്നതാണ് നാം മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനകാര്യം. മഹാനായ ശൈഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയയുടെ ഈ വിഷയത്തിലെ പരാമർശം ഏറെ പ്രസക്തമാണ്:

"പടച്ചവൻ ഒരിക്കലും കേവലമായ തിന്മ സൃഷ്ടിക്കുന്നില്ല. മറിച്ച് അവൻ സൃഷ്ടിക്കുന്ന എല്ലാറ്റിലും എന്താണോ നന്മ എന്നതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ദൈവിക നിശ്ചയമുണ്ട്. എന്നാൽ അതിൽ ചിലർക്ക് ചില തിന്മകൾ ഉണ്ടായിരിക്കാം. അത് ഭാഗികമാണ്, അല്ലെങ്കിൽ ആപേക്ഷികമാണ്. എന്നാൽ പൂർണമോ കേവലമോ ആയ തിന്മ എന്നതിൽ നിന്നും പടച്ചവൻ ഒഴിവാണ്" (മജ്മഉൽ ഫതാവാ, വോള്യം 14, പേജ് 266).

എത്ര കൃത്യം, എത്ര വ്യക്തം! ആപേക്ഷികമായി നമുക്കനുഭവപ്പെടുന്ന ദുരിതങ്ങൾക്കും പ്രയാസങ്ങൾക്കും വേദനകൾക്കും അപ്പുറം ആത്യന്തികമായ നന്മയും വിവേകവുമുണ്ടെന്ന തിരിച്ചറിവ് നൽകുന്ന ആശ്വാസവും മനഃശക്തിയും ചെറുതല്ല!

**3. ഐഹികജീവിതത്തിന്റെ നിസ്സാരത ബോധ്യപ്പെടുത്തുന്നു**

ഐഹിക ജീവിതത്തിലെ നൈമിഷികമായ സന്തോഷങ്ങൾ ആസ്വദിക്കലല്ല ജീവിതലക്ഷ്യമെന്നും സ്രഷ്ടാവായ ദൈവത്തിന് ആരാധനകൾ അർപ്പിക്കുന്നതിലൂടെ കൈവരിക്കുന്ന മാനസിക സംതൃപ്തിയും സമാധാനവും പാരത്രിക വിജയവുമാണ് ലക്ഷ്യമാക്കേണ്ടത് എന്നുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

"ജിന്നുകളെയോ മനുഷ്യരെയോ എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (ക്വുർആൻ 51:56)

ഒരു യഥാർഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതാണ് മുഖ്യമായ കാര്യം. എല്ലാ സൗകര്യങ്ങളും അനുഭവിച്ച്, ഒരു പ്രയാസവുമില്ലാതെ ജീവിച്ച്, അതിൽ മതിമറന്ന് ആരാധനകൾ ഒഴിവാക്കിയവനെയും പ്രയാസങ്ങളിലും ദുരിതങ്ങളിലും അകപ്പെടുമ്പോൾ സ്രഷ്ടാവിൽ മാത്രം അഭയം തേടിയാലേ രക്ഷയുള്ളൂ എന്ന് തിരിച്ചറിഞ്ഞ് ആരാധനകളിൽ മുഴുകി ജീവിച്ചവനെയുമെടുത്താൽ രണ്ടാമനാണ് ഇസ്‌ലാമിക കാഴ്ചപ്പാടിൽ ഉയർന്നവനും വിജയിച്ചവനും.

എത്രയോ നിസ്സാരമാണ് ഇഹലോക ജീവിതമെന്നും നമ്മുടെ കഴിവുകൾ എത്രമാത്രം പരിമിതമാണെന്നും നമ്മോടു വീണ്ടും വീണ്ടും വിളിച്ചുപറയുകയാണ് പ്രയാസങ്ങളും ദുരന്തങ്ങളും. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ കുതിച്ചുപാച്ചിലിൽ ഇനിയൊന്നും കീഴടക്കാനില്ലെന്ന അഹംഭാവമാണ് മൂന്നുദിവസം നിർത്താതെ പെയ്ത മഴയിൽ ഒലിച്ചുപോയ



**ദുരന്തങ്ങൾ വിശ്വാസിക്ക് മനഃശക്തിയും ശുഭാപ്തിവിശ്വാസവും നേടാനും സ്വന്തം പരിമിതികൾ തിരിച്ചറിഞ്ഞ് വിനയാന്വിതനായി സ്രഷ്ടാവിലേക്ക് മടങ്ങാനുമുള്ള വഴിതുറക്കുന്നു എന്നത് നാം മനസ്സിലാക്കി. എന്നാൽ ഭൗതികവാദികളുടെ വീക്ഷണപ്രകാരം ദുരന്തങ്ങൾ അർഥശൂന്യമായ യാദൃച്ഛികതകൾ മാത്രമാണ്. അന്ധമായ ഏതൊക്കെയോ ചില ഭൗതിക പ്രക്രിയകളുടെ 'ഇരകൾ' മാത്രമാണ് ഓരോ പ്രയാസമനുഭവിക്കുന്നവനും! അവന് കൂടുതൽ നല്ല എന്തെങ്കിലുമൊന്ന് പ്രതീക്ഷിക്കാനോ ആശ്വസിക്കാനോ യാതൊരു വകുപ്പുമില്ല! താൻ അനുഭവിക്കുന്നതിന് ഭൗതികേതരമായ എന്തെങ്കിലുമൊരു കാര്യമോ കാരണമോ കണ്ടെത്താനാവാതെ നഷ്ടങ്ങളെ വെറും നഷ്ടങ്ങളായും പ്രയസങ്ങളനുഭവിച്ചത് അർഥശൂന്യമായും മാത്രം കാണാനേ അവന് സാധിക്കൂ. ജീവിതകാലം മുഴുവൻ പ്രയാസങ്ങളും ദുരിതങ്ങളും അനുഭവിച്ചവനും മണിമാളികകളിൽ ആർത്തുല്ലസിച്ച് പ്രയാസങ്ങളെന്തെന്നറിയാതെ ജീവിച്ചവനും മരിക്കുന്നതോടെ മണ്ണിൽ അലിഞ്ഞുചേർന്ന് വെറും ഭൗതികപദാർഥങ്ങളായി ഇല്ലാതാകുന്നു! പ്രയാസങ്ങൾ അനുഭവിക്കുന്നവരെ തളർത്താനും വിഷാദരോഗികളാക്കാനും ഇതിനപ്പുറം വേറെന്തുവേണം?!**

ത്! ദുരന്തങ്ങളുടെ വ്യാപ്തി കുറയ്ക്കാനും നഷ്ടം നികത്താനുമല്ലാതെ മറ്റൊന്നും നമ്മെക്കൊണ്ട് സാധിക്കില്ലെന്നും എല്ലാം 'മുകളിലുള്ളവന്റെ' കൈകളിലാണെന്നും എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞത് ആരും പറഞ്ഞു പഠിപ്പിച്ചതുകൊണ്ടല്ല, മറിച്ച് അനുഭവങ്ങളിൽ നിന്ന് മനുഷ്യമനസ്സ് വായിച്ചെടുത്തതാണ്!

സ്വന്തം നിസ്സഹായാവസ്ഥ ഉള്ളറിഞ്ഞ് മനസ്സിലാക്കുമ്പോൾ ഹൃദയത്തിൽ നിന്ന് സ്രഷ്ടാവിലേക്കുയരുന്ന ഒരു തേട്ടമുണ്ട്. അഹന്ത വെടിഞ്ഞ്, പരിമിതികൾ തിരിച്ചറിഞ്ഞ്, നിസ്സാരത ബോധ്യപ്പെട്ട് സകലതിനെയും നിയന്ത്രിക്കുന്ന സ്രഷ്ടാവിലേക്കുയരുന്ന ആ മനസ്സിന്റെ തേട്ടമാണ് പ്രാർഥന!

"അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ'' (ക്വുർആൻ 27:62).

### ദുരന്തങ്ങൾ ഭൗതികവാദ കാഴ്ചപ്പാടിൽ

ദുരന്തങ്ങൾ വിശ്വാസിക്ക് മനഃശക്തിയും ശുഭാപ്തിവിശ്വാസവും നേടാനും സ്വന്തം പരിമിതികൾ തിരിച്ചറിഞ്ഞ് വിനയാന്വിതനായി സ്രഷ്ടാവിലേക്ക് മടങ്ങാനുമുള്ള വഴിതുറക്കുന്നു എന്നത് നാം മനസ്സിലാക്കി. എന്നാൽ ഭൗതികവാദികളുടെ വീക്ഷണപ്രകാരം ദുരന്തങ്ങൾ അർഥശൂന്യമായ യാദൃച്ഛികതകൾ മാത്രമാണ്. അന്ധമായ ഏതൊക്കെയോ ചില ഭൗതിക പ്രക്രിയകളുടെ 'ഇരകൾ' മാത്രമാണ് ഓരോ പ്രയാസമനുഭവിക്കുന്നവനും! അവന് കൂടുതൽ നല്ല എന്തെങ്കിലുമൊന്ന് പ്രതീക്ഷിക്കാനോ ആശ്വസിക്കാനോ യാതൊരു വകുപ്പുമില്ല! താൻ അനുഭവിക്കുന്നതിന് ഭൗതികേതരമായ എന്തെങ്കിലുമൊരു കാര്യമോ കാരണമോ കണ്ടെത്താനാവാതെ നഷ്ടങ്ങളെ വെറും നഷ്ടങ്ങളായും പ്രയസങ്ങളനുഭവിച്ചത് അർഥശൂന്യമായും മാത്രം കാണാനേ അവന് സാധിക്കൂ. ജീവിതകാലം മുഴുവൻ പ്രയാസങ്ങളും ദുരിതങ്ങളും അനുഭവിച്ചവനും മണിമാളികകളിൽ ആർത്തുല്ലസിച്ച് പ്രയാസങ്ങളെന്തെന്നറിയാതെ ജീവിച്ചവനും മരിക്കുന്നതോടെ മണ്ണിൽ അലിഞ്ഞുചേർന്ന് വെറും ഭൗതികപദാർഥങ്ങളായി ഇല്ലാതാകുന്നു! പ്രയാസങ്ങൾ അനുഭവിക്കുന്നവരെ തളർത്താനും വിഷാദരോഗികളാക്കാനും ഇതിനപ്പുറം വേറെന്തുവേണം?!

എന്നാൽ വിശ്വാസികളുടെ കാര്യമോ? അവന് ബാധിക്കുന്ന ഓരോ പ്രയാസവും, അവൻ അനുഭവിക്കുന്ന ഓരോ വേദനയും അവന്റെ മരണാനന്തര ജീവിതത്തിലേക്കുള്ള മുതൽക്കൂട്ടാണ്.

"മുഹമ്മദ് നബിﷺ പറഞ്ഞു: ഒരു മുസ്‌ലിമിനെ ഒരു ദുരിതവും ബാധിക്കുന്നില്ല. അവന്റെ ചില തിന്മകളെ അല്ലാഹു പൊറുത്തുകൊടുത്തിട്ടല്ലാതെ. അതൊരു കാലിൽ മുള്ള് തറക്കുന്നതായാൽ പോലും" (ബുഖാരി)

എല്ലാറ്റിന് പിന്നിലും കാരുണ്യവാനും വിവേകിയും കരുണാനിധിയുമായ സ്രഷ്ടാവിന്റെ നിശ്ചയവും കൽപനയുമുണ്ട് എന്നും, ജീവിതമാകുന്ന പരീക്ഷയിലെ ഒരു പരീക്ഷണം മാത്രമാണിതെന്നും, യഥാർഥവും അനന്തവുമായ ജീവിതം മരണശേഷമാണെന്നും ആ ജീവിതത്തിലേക്കുള്ള മുതൽക്കൂട്ടായിരിക്കണം ഇപ്പോഴത്തെ തന്റെ പ്രവർത്തികൾ എന്നും ചിന്തിക്കുന്ന വിശ്വാസിയുടെ മാനസിക നില ഭൗതികവാദികളുടേതുമായി താരതമ്യത്തിനെങ്കിലും യോഗ്യമാണോ?! ●

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)
വിവർത്തനം: ശമീർ മദീനി

ലേഖനം

പണ്ഡിതന്മാരോടുള്ള കടപ്പാടുകൾ: 6

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയുടെ 'റഫ്ഉൽ മലാം' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

# പണ്ഡിതന്മാർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ

മതത്തിന്റെ തെളിവുകൾ എല്ലാവരിലേക്കുമായുള്ള അല്ലാഹുവിന്റെ ന്യായങ്ങളും രേഖകളുമാണ്. എന്നാൽ പണ്ഡിതാഭിപ്രായങ്ങൾ അങ്ങനെയല്ല. മതപരമായ തെളിവ് മറ്റൊരു എതിർത്തെളിവ് വരാത്തിടത്തോളം ഒരിക്കലും അബദ്ധമോ അസംബന്ധമോ ആയിരിക്കുകയില്ല. എന്നാൽ പണ്ഡിതാഭിപ്രായങ്ങൾ അതുപോലെയല്ല.

മേൽ വിവരിച്ച സാധ്യതകൾ പറഞ്ഞുകൊണ്ട് നമുക്ക് ലഭ്യമായ തെളിവുകൾക്കുപരിയായി പണ്ഡിതാഭിപ്രായങ്ങളനുസരിച്ച് പ്രവർത്തിക്കാൻ പറ്റുമായിരുന്നെങ്കിൽ ഇത്തരം വിഷയങ്ങളിൽ നമ്മുടെ പക്കൽ യാതൊരു തെളിവുകളും ശേഷിക്കുമായിരുന്നില്ല. പറഞ്ഞതിന്റെ ചുരുക്കം ഇതാണ്; ഒരു പണ്ഡിതന് ഒരു ഹദീഥ് മാറ്റിവെക്കാൻ എന്തെങ്കിലും ന്യായമുണ്ടായിരുന്നിരിക്കാം. അത്തരം പണ്ഡിതാഭിപ്രായങ്ങൾ മാറ്റിവെക്കാൻ നമുക്ക് പല ന്യായങ്ങളുണ്ട്. അല്ലാഹു പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണല്ലോ: "അത് കഴിഞ്ഞുപോയ ഒരു സമൂഹമാകുന്നു. അവർ പ്രവർത്തിച്ചതിന്റെ ഫലം അവർക്കാകുന്നു. നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലം നിങ്ങൾക്കും. അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതല്ല" (അൽബക്വറ: 136).

അല്ലാഹു പറയുന്നു: "ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും (ക്വുർആനിലേക്കും) റസൂലിലേക്കും (സുന്നത്തിലേക്കും) മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്)" (അന്നിസാഅ്: 59).

ഒരാളുടെ വാക്കിനെയും ന്യായമാക്കിക്കൊണ്ട് നബിﷺയിൽ നിന്നും സ്ഥിരപ്പെട്ടു വന്ന ഹദീഥിനെതിരായി നിലകൊള്ളുവാൻ ഒരാൾക്കും പാടുള്ളതല്ല.

ഒരാൾ ഇബ്നു അബ്ബാസ്ؓവിനോട് ചോദിച്ച ഒരു വിഷയത്തിന് നബിﷺയുടെ ഹദീഥുകൊണ്ട് അദ്ദേഹം മറുപടി പറഞ്ഞപ്പോൾ അയാൾ ഇബ്നു അബ്ബാസ്ؓവിനോട് ഇങ്ങനെ പറഞ്ഞു: "എന്നാൽ അബൂബക്കർؓ, ഉമർؓ മുതലായവർ ഇങ്ങനെയാണല്ലോ പറഞ്ഞത്.'' അപ്പോൾ ഇബ്നു അബ്ബാസ്ؓ പറഞ്ഞു: "ആകാശത്ത് നിന്ന് ചരൽമഴ നിങ്ങൾക്കുമേൽ വർഷിക്കാനായിരിക്കുന്നു! അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു എന്ന് ഞാൻ പറയുമ്പോൾ (അതിനെതിരായി) 'അബൂബക്കറും ഉമറും ഇങ്ങനെ പറഞ്ഞിരുന്നു' എന്ന് നിങ്ങൾ പറയുകയോ?"

മേൽ പറയപ്പെട്ട കാരണങ്ങളിലേതെങ്കിലുമൊക്കെ കൊണ്ടായിരിക്കും ഒരു പണ്ഡിതൻ ഒരു ഹദീഥ് സ്വീകരിക്കാതിരിക്കുന്നത് എന്ന് വരുമ്പോൾ അവരെക്കുറിച്ച് ഹലാലോ (അനുവദനീയം) ഹറാമോ (നിഷിദ്ധം) അല്ലെങ്കിൽ വല്ല വിധികളോ നിരാകരിച്ചവരെന്നോ, അല്ലാഹു അവതരിപ്പിച്ചതല്ലാത്തതുകൊണ്ട് വിധിച്ചവരെന്നോ, അതിനാൽ അവർ ശിക്ഷിക്കപ്പെടുമെന്നോ ഒരിക്കലും പറയാവുന്നതല്ല. അപ്രകാരം തന്നെ ഏതെങ്കിലും കാര്യം ചെയ്താൽ അതിന് ശാപമോ കോപമോ ശിക്ഷയോ പോലുള്ള എന്തെങ്കിലും താക്കീതുകളും ഭീഷണികളുമുൾക്കൊള്ളുന്ന ഒരു ഹദീഥാണ് ഒഴിവാക്കപ്പെട്ടതെങ്കിൽ ഇന്നത് അനുവദിച്ച, അല്ലെങ്കിൽ ഇന്നത് ചെയ്ത ആ പണ്ഡിതൻ ഈ താക്കീതിന്റെ പരിധിയിൽ വരുമെന്ന് പറയാനും പറ്റുകയില്ല.

ഇക്കാര്യത്തിൽ ഇസ്‌ലാമിക ലോകത്ത് എന്തെങ്കിലും എതിരഭിപ്രായമുള്ളതായി നമുക്കറിയില്ല; ബിശ്ർ അൽമിർരീസിയെയും മറ്റും പോലുള്ള ബാഗ്ദാദിലെ ചില മുഅ്തസിലിയാക്കളിൽ നിന്നുദ്ധരിക്കപ്പെടുന്ന ചില സംഗതികളൊഴികെ. അവർ വാദിക്കുന്നത് മുജ്തഹിദുകളുടെ കൂട്ടത്തിൽ പിഴവ് സംഭവിക്കുന്നവർക്ക് ആ പിഴവിന്റെ പേരിൽ ശിക്ഷ കിട്ടുമെന്നാണ്.

നിഷിദ്ധമായ ഒരു കാര്യം ചെയ്തയാൾക്ക് ആ വിഷയത്തിലുള്ള ശിക്ഷ ബാധകമാകണമെങ്കിൽ അത് നിഷിദ്ധമാണെന്നത് അയാൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ അതിന്റെ നിഷിദ്ധതയെ അറിയാനുള്ള സാഹചര്യം അയാൾക്കുണ്ടായിരിക്കണം. അല്ലാതെ, ഏതെങ്കിലും കുഗ്രാമത്തിൽ ജനിച്ചുവളർന്ന ഒരു വ്യക്തി അതല്ലെങ്കിൽ അടുത്തകാലത്ത് ഇസ്‌ലാമിലേക്ക് കടന്നുവന്ന ഒരാൾ മതത്തിൽ നിഷിദ്ധമാക്കപ്പെട്ടതാണെന്നറിയാതെ വല്ല ഹറാമുകളും ചെയ്തുപോയാൽ അയാൾ കുറ്റക്കാരനാവുകയില്ല. അതിന്റെ പേരിൽ അയാൾക്കെതിരിൽ ശിക്ഷാനടപടികൾ കൈകൊള്ളുകയുമില്ല -ആ നിഷിദ്ധത്തെ അനുവദനീയമായി കാണാനുതകുന്ന വിധത്തിൽ മതപരമായ തെളിവുകളൊന്നും അയാളുടെ പക്കൽ ഇല്ല എന്നിരിക്കെ- നിഷിദ്ധത്തെ അറിയിക്കുന്ന ഹദീഥ് ലഭ്യമാകാതിരിക്കുകയും അനുവദനീയമാണെന്നതിന് മതപരമായ വല്ല തെളിവിനെയും അവലംബിക്കുകയും ചെയ്ത വ്യക്തി എങ്ങനെയാണ് കുറ്റക്കാരനാവുക? മറിച്ച്, അദ്ദേഹമാണ് ഒഴികഴിവിന് ഏറ്റവും അർഹതയുള്ളവൻ.

അതുകൊണ്ട് തന്നെ തന്റെ വിധിയറിയാനുള്ള പരിശ്രമം(ഇജ്തിഹാദ്) കാരണമായി സ്തുത്യർഹമായ പ്രതിഫലം അയാൾക്കുണ്ട് എന്നതാണ് വാസ്തവം.

അല്ലാഹു പറയുന്നു: "ദാവൂദിനെയും (പുത്രൻ) സുലൈമാനെയും (ഓർക്കുക). ഒരു ജനവിഭാഗത്തിന്റെ ആടുകൾ വിളയിൽ കടന്ന് മേഞ്ഞ പ്രശ്നത്തിൽ അവർ രണ്ട് പേരും വിധികൽപിക്കുന്ന സന്ദർഭം. അവരുടെ വിധിക്ക് നാം സാക്ഷ്യം വഹിക്കുന്നുണ്ടായിരിന്നു. അപ്പോൾ സുലൈമാന്ന് നാം അത് (പ്രശ്നം) ഗ്രഹിപ്പിച്ചു. അവർ ഇരുവർക്കും നാം വിധികർതൃത്വവും വിജ്ഞാനവും നൽകിയിരുന്നു..."(അൽഅമ്പിയാഅ്:78,79).

ഇവിടെ സുലൈമാൻ നബിعليه السلامക്ക് പ്രത്യേകമായി ഗ്രാഹ്യത നൽകിയെന്ന് പരാമർശിക്കുകയും രണ്ടുപേർക്കും അറിവും വിധികൽപിക്കാനുള്ള അധികാരവും നൽകി എന്ന് പ്രശംസിക്കുകയും ചെയ്തു.

അപ്രകാരം തന്നെ സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹു മുസ്‌ലിമിലും അംറുബ്നുൽ ആസ്ؓ നിവേദനം ചെയ്ത ഹദീഥിൽ നബിﷺ പറയുന്നു: "നിശ്ചയം ഒരു വിധികർത്താവ് അന്വേഷണ പരിശ്രമം (ഇജ്തിഹാദ്) നടത്തുകയും ശരിയാവുകയും ചെയ്താൽ അയാൾക്ക് രണ്ട് പ്രതിഫലമുണ്ട്. ഇനി അയാൾ പരിശ്രമിച്ചിട്ടും അബദ്ധം പറ്റിയാലോ; അയാൾക്ക് ഒരു പ്രതിഫലമുണ്ടായിരിക്കും."

അപ്പോൾ ഒരു ഗവേഷകന് അബദ്ധം പറ്റിയാലും ഒരു പ്രതിഫലമുണ്ട് എന്ന് വ്യക്തമായി. അയാളുടെ അന്വേഷണ പരിശ്രമത്തിന്റെ കാരണത്താലാണത്. അയാൾക്കു സംഭവിച്ച അബദ്ധമാകട്ടെ, പൊറുക്കപ്പെടുന്നതുമാണ്. എല്ലാ വിധികളിലും ഒരാൾക്ക് ശരി പറ്റുക എന്നത് വിരളവും ശ്രമകരവുമാണ്. അല്ലാഹു പറയുന്നു:

"മത കാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല" (അൽഹജ്ജ്: 78).

"നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കമുണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല" (അൽബകറ:185).

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# അറിയാവാതിലുകൾ തുറക്കപ്പെടുമ്പോൾ

വ്യാപാരി സുഹൃത്തിന് കുടുംബവുമൊത്ത് ഹജ്ജിന് പോകണമെന്ന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ ഹജ്ജ് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിച്ചെങ്കിലും ഭാഗ്യം തുണച്ചില്ല.

വെയിറ്റിംഗ് ലിസ്റ്റിൽ സാധ്യത ഇല്ലാത്ത ഇടം ആയിരുന്നു നറുക്കെടുപ്പിൽ കിട്ടിയത്. പ്രത്യേക പരിഗണന ലഭിക്കാൻ സാധ്യതയുള്ള കേന്ദ്ര മേധാവികൾക്ക് അപേക്ഷ നൽകിയെങ്കിലും ഫലം നിരാശയായിരുന്നു.

എങ്ങനെയെങ്കിലും ഹജ്ജിനു പോകണമെന്ന ആഗ്രഹം അദ്ദേഹം പങ്കുവെച്ചു. ഒരു നാൾ ജോലിക്ക് പോകാൻ ഞാൻ റോഡരികിൽ നിൽക്കവെ അദ്ദേഹം അരികിൽ കാർ പാർക്ക് ചെയ്തു, പടച്ചോനെ സ്തുതിച്ചു. ഹജ്ജിന് പോകാനുള്ള മാർഗം തെളിഞ്ഞു എന്ന് പറഞ്ഞു.



കേന്ദ്ര ഹജ്ജ് കമ്മിറ്റി അത്തവണ ആദ്യമായി സ്വകാര്യ ഹജ്ജ് യാത്രാ സ്ഥാപനങ്ങൾക്ക്, ഗവൺമെന്റ് നിരക്കിൽ ഏതാനും പേരെ ഹജ്ജിന് കൊണ്ടുപോകണം എന്ന് ഉത്തരവ് നൽകിയിരുന്നു. ഈ ഉത്തരവ് പ്രകാരമാണ് സുഹൃത്തിന് ഭാഗ്യം തെളിഞ്ഞത്.

ഏതാണ്ട് സർക്കാർ നിരക്കിൽ തന്നെ അദ്ദേഹത്തിന് ഹജ്ജിനു പോകാൻ സാധിച്ചു. പടച്ചവൻ ഒരാളെ സഹായിക്കാൻ തീരുമാനിച്ചാൽ എങ്ങനെ എപ്പോൾ ഏതെല്ലാം വഴിക്ക് എന്ന് നമുക്ക് ഒരിക്കലും പ്രവചിക്കാനാവില്ല എന്ന അത്ഭുതം ഞങ്ങൾ പങ്കുവെച്ചു.

ഭാര്യക്ക് അത്യാവശ്യമായി വലിയ ശസ്ത്രക്രിയ ചെയ്യേണ്ടിവന്നിരിക്കുന്നു എന്ന് വേവലാതിപ്പെട്ട ഓഫീസറുടെ കാര്യം ഓർമ വരുന്നു. രണ്ടുമൂന്ന് ആശുപത്രികളെ സമീപിച്ചെങ്കിലും അദ്ദേഹത്തിന് പെട്ടന്ന് സംഘടിപ്പിക്കാൻ കഴിയാത്ത വലിയ തുകയാണ് ചെലവ് ആവശ്യപ്പെട്ടത്.

മറ്റൊരു സംസ്ഥാനത്തിൽ ഗവൺമെന്റ് അധീനതയിലുള്ള വളരെ ചെലവുകുറഞ്ഞ ഒരു ആശുപത്രിയിൽ ഭാര്യയുടെ സർജറിക്കായി പോകാൻ തയ്യാറെടുപ്പുകൾ നടത്തിക്കോണ്ടിരിക്കുകയാണ് എന്ന വിവരമാണ് അദ്ദേഹം ആഴ്ചകൾക്ക് ശേഷം സന്തോഷത്തോടെ പങ്കുവെച്ചത്.



നാട്ടിലുള്ള ഒരാളെ അവിചാരിതമായി കാണുകയും മേൽ ആശുപത്രിയിൽ അയാളുടെ മകൻ ജോലിക്കാരനാണ് എന്ന് അറിയുകയും മകന്റെ ഫോണിൽ ബന്ധപ്പെടുകയും അങ്ങനെ ആ ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കുള്ള മാർഗങ്ങൾ തെളിയുകയും ചെയ്യുകയാണ് ഉണ്ടായത്.

ഏതാനും ദിവസം അവിടെ താമസിക്കേണ്ടിവന്നെങ്കിലും നാമമാത്രമായ ചെലവ് മാത്രമെ വന്നതുള്ളൂ. പടച്ചവൻ തുറന്നുതരുന്ന മാർഗങ്ങൾ എത്രമേൽ അതിശയകരം!

ഏതാനും വർഷങ്ങൾക്കു മുമ്പ് മകന് വൈദ്യപഠന അവസരം ലഭിച്ചപ്പോൾ ആവശ്യമായ വലിയ തുകയെ കുറിച്ച് വേവലാതിപ്പെട്ടിരിക്കുകയായിരുന്നു ഞാൻ. അന്നേരം ഓഫീസിലേക്ക് വന്ന ഒരു സ്ഥാപനത്തിലെ ജീവനക്കാരൻ എന്റെ ആവശ്യം ഫോൺ സംസാരത്തിൽ നിന്ന് മനസ്സിലാക്കുകയും ചെയ്തു. ഒരു ലോൺ ആവശ്യമുണ്ടോ, ശ്രമിക്കണമോ എന്ന് എന്നോട് ചോദിച്ചു.

അദ്ദേഹം ജോലി ചെയ്യുന്ന സ്ഥാപന ഉടമകൾ നടത്തുന്ന ട്രസ്റ്റിൽ നിന്ന് എനിക്ക് പലിശ രഹിത വായ്പ അനുവദിച്ചുതന്നു. അപ്രതീക്ഷിതമായി ഒരു വാതിൽ തുറക്കപ്പെടുകയായിരുന്നു.

എന്റെ ആവശ്യം പ്രത്യേകമായി പരിഗണിക്കുകയും അഞ്ചു വർഷത്തിനിടയിൽ അഞ്ചു തവണകളായി കൊടുക്കുന്ന തുക എനിക്ക് ഒന്നിച്ച് തരാനുള്ള തീരുമാനം ഉണ്ടാക്കുകയും ചെയ്യുകയാണ് ഉണ്ടായത്.

നിങ്ങളുടെ ജീവിതത്തിലും ഇതുപോലെ ചില അവസരങ്ങൾ ഉണ്ടായിരിക്കും. അങ്ങനെ ഒരു മാർഗം ഉണ്ടോ എന്നുപോലും അറിയില്ല, പക്ഷേ നമുക്ക് മുന്നിൽ അതങ്ങനെ അറിയാതെ തുറന്നു വരും.

ആഗ്രഹിക്കുക, പ്രവർത്തിക്കുക, പ്രാർഥിക്കുക. സർവശക്തൻ നമുടെ കണക്ക് കൂട്ടലുകൾക്കപ്പുറത്ത് അറിയാവാതിലുകൾ തുറന്നുതരും.

ലേഖനം

നബീൽ പയ്യോളി
nabeelpayyoly@gmail.com



# മനുഷ്യൻ അറിവ് അനുഭവം

**വി**ദ്യാഭ്യാസ രംഗത്തെ ക്രിയാത്മകമായ മാറ്റങ്ങൾ നമ്മുടെ നാട്ടിലും വന്നുകഴിഞ്ഞു. പഴയ തലമുറ വിദ്യ അഭ്യസിച്ച രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇന്ന് നമ്മുടെ കുട്ടികളുടെ പഠനരീതി. കേവലം പുസ്തകത്താളുകളിൽ നിന്ന് മനഃപാഠമാക്കുന്ന സമ്പ്രദായത്തിന് പകരം അനുഭവങ്ങളിലൂടെ പഠനം എന്ന ക്രിയാത്മക രീതിയിലേക്ക് മാറി. സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലുമെല്ലാം പുതിയ അധ്യാപനരീതി ഫലപ്രദമായി നടപ്പിലാക്കിക്കഴിഞ്ഞു. അതിന്റെ നന്മകൾ പുതുതലമുറയും സമൂഹവും അനുഭവിച്ചുവരുന്നു. പാഠപുസ്തകങ്ങൾ മാത്രമല്ല തങ്ങൾക്ക് ചുറ്റുമുള്ളതുമെല്ലാം അറിവുകളുടെ സ്രോതസ്സുകൾ ആണെന്ന തിരിച്ചറിവാണ് ഈ മാറ്റത്തിന്റെ കാതൽ. അധ്യാപകനും പുസ്തകവും അടങ്ങുന്ന ചെറിയ സ്രോതസ്സിൽ നിന്നും തനിക്ക് ചുറ്റുമുള്ള നിരവധി സ്രോതസ്സുകളെ അറിയാനും ഉപയോഗപ്പെടുത്താനും പുതുതലമുറക്ക് അവസരം ലഭിക്കുന്നു എന്നതാണ് ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രത്യേകത. ക്ലാസ്സ് മുറികളിൽ കെട്ടിയിടപ്പെട്ടവർ നാല് ചുമരുകൾക്കപ്പുറം വിശാലമായ ഇടങ്ങളിലേക്ക് തങ്ങളുടെ പഠനങ്ങൾ പറിച്ചുനട്ടു. കണ്ടും കേട്ടും അനുഭവിച്ചറിഞ്ഞും അറിവുകൾ നുകരാൻ അവർക്ക് അവസരം ലഭിച്ചു.

പഠനത്തോടൊപ്പം കൃഷിയും സാമൂഹ്യസേവനവും ജീവകാരുണ്യ പ്രവർത്തനങ്ങളും കൊണ്ടും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാവുന്ന വിവിധ പാഠ്യേതര പ്രവർത്തനങ്ങൾ കൊണ്ടും സമ്പന്നമാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം. പുതുതലമുറക്ക് അനുഭവങ്ങൾക്ക് അവസരങ്ങൾ സൃഷ്ടിച്ചു എന്നതാണ് ഈ രീതിയുടെ പ്രത്യേകതയായി നാം കാണേണ്ടത്. മണിക്കൂറുകളോളം ക്ലാസ്സ് മുറികളിലിരുന്ന് പഠിച്ചാൽ ലഭിക്കാത്ത പല അറിവുകളും നിമിഷങ്ങൾക്കകം അവർ അനുഭവിച്ചറിയുന്നു. പുതുതലമുറയുടെ ചിന്തയും ക്രിയാത്മക ഇടപെടലുകളും വലിയ മാറ്റങ്ങൾക്ക് കാരണമാകും. അതിനെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സമൂഹം ശ്രദ്ധിക്കേണ്ടതുണ്ട്.

അനുഭവങ്ങൾ മനുഷ്യന്റെ സ്വഭാവത്തിലും വ്യക്തിത്വത്തിലും സമീപനങ്ങളിലും സമൂലമായ മാറ്റങ്ങൾക്ക് കാരണമാകും. തിരക്കേറിയ ദേശീയ പാതയിലൂടെ കുതിച്ചുപായുന്ന ബൈക്ക് യാത്രികനെ വേഗത കുറക്കാൻ നൂറ് വട്ടം ഉപദേശിച്ചാലും അയാൾ അത് അനുസരിച്ചെന്ന് വരില്ല. എന്നാൽ തന്റെ മുന്നിൽ അതേ വേഗതയിൽ വന്ന ബൈക്ക് യാത്രികൻ അപകടത്തിൽ പെട്ട് പിടഞ്ഞുമരിക്കുന്ന രംഗം കണ്ടാൽ അയാൾ സ്വയം മാറാൻ തീരുമാനിക്കാൻ സാധ്യത കൂടുതലാണ്. അതാണ് അനുഭവങ്ങളുടെ സ്വാധീനം.

അനുഭവങ്ങൾ പൊടുന്നനെ ഉണ്ടാകുന്നതത് മാത്രമല്ല. ചുറ്റുമുള്ളവർ മനഃപൂർവം അനുഭവങ്ങൾക്ക് അവസരങ്ങൾ സൃഷ്ടിക്കുക കൂടി ചെയ്യണം. മാതാപിതാക്കളുടെ സ്നേഹം ആരെങ്കിലും പറഞ്ഞും കേട്ടും അറിയേണ്ടതല്ല. മറിച്ച് അത് മക്കൾ അനുഭവിച്ചറിയേണ്ടതാണ്. ഞാൻ നിന്നെ ആത്മാർഥമായി സ്നേഹിക്കുന്നു എന്ന് ആയിരം വട്ടം പറയുന്നതിനെക്കാൾ ഫലപ്രദമാണ് ആ സ്നേഹം അനുഭവിച്ചറിയുവാൻ അവസരമേകുക എന്നത്.

കുടുംബം, തൊഴിലിടം, കൂട്ടായ്മ എന്നീ സുപ്രധാന മേഖലകളിൽ ഇടപെടുന്നവരാണല്ലോ അധികപേരും. പലരും ഈ ഇടങ്ങളിൽ മറ്റുള്ളവരെ പരിഗണിക്കാനും അവർക്ക് അനുഭവങ്ങൾ നേടുവാനാവശ്യമായ അവസരം ഒരുക്കാനും തയ്യാറാകുന്നില്ല. മറ്റുള്ളവർക്ക് അവസരവും അനുഭവവും നൽകിയാൽ എന്റെ സ്ഥാനവും പദവിയും അധികാരവും നഷ്ടമാകുമോ എന്ന ചിന്തയായിരിക്കാം ഇതിനു കാരണം. കുടുംബ നാഥന്മാർ, രാഷ്ട്രീയ നേതാക്കൾ, മതസംഘടനാ നേതാക്കൾ, തൊഴിലുടമകൾ, മേലുദ്യോഗസ്ഥർ തുടങ്ങിയവരിൽ പലരും ഇത്തരം കോംപ്ലക്സിന് അടിമകളാണെന്നതാണ് വസ്തുത. ഇത് മാറിയേ തീരൂ. എങ്കിലേ സമൂഹത്തിന്റെ മുഴുവൻ ക്രിയാശേഷിയും ഫലപ്രദമായി ഉപയോഗപെടുത്താൻ സാധിക്കുകയുള്ളൂ. കുടുംബാസൂത്രണ വിദഗ്ധർ പറയാറുള്ള ന്യായം ജനസംഖ്യ കൂടിയാൽ വിഭവങ്ങളുടെ ദൗർലഭ്യം ഉണ്ടാകും എന്നതാണ്, മുകളിൽ പറഞ്ഞ അതെ ന്യായം. മറ്റുള്ളവർ എന്റെ അവസരം നഷ്ടപ്പെടുത്തുമോ എന്ന ഭയം.

യഥാർഥത്തിൽ ഇത് കേവലം ഒരു ആശങ്ക മാത്രമാണ്; വസ്തുതാ വിരുദ്ധവും. സമൂഹത്തിന്റെ ക്രിയാശേഷി ഫലപ്രദമായി ഉപയോഗിച്ചാൽ സക്രിയമായ സമൂഹം രൂപപ്പെടുകയും ഓരോരുത്തർക്കും അവരവരുടെ കഴിവും ശേഷിയും അനുസരിച്ചുള്ള അവസരങ്ങൾ ലഭിക്കുകയും ചെയ്യും. നാം മനസ്സിലാക്കേണ്ട ഒരു സുപ്രധാന കാര്യം, നമുക്ക് ചുറ്റുമുള്ള ഓരോരുത്തരും തികച്ചും വ്യത്യസ്തരായ സ്വതന്ത്ര വ്യക്തിത്വങ്ങളാണ് എന്നതാണ്. ഓരോരുത്തർക്കും തങ്ങളുടെതായ രീതിയും നിലപാടുകളും കാഴ്ചപ്പാടുകളും ഉണ്ടാകും. അത് കൊണ്ട് തന്നെ ആരെയെങ്കിലും നമ്മുടെ ആശയങ്ങൾ അടിച്ചേൽപിക്കാം എന്ന് കരുതുന്നത് മൗഢ്യമാണ്.

സ്വഭാവം നന്നാക്കുക, ദേഷ്യം നിയന്ത്രിക്കുക, പരസ്പരം കൂടിയാലോചന നടത്തുക തുടങ്ങിയവ സമൂഹത്തിൽ ഗുണമേ വരുത്തൂ. അതിന് തയ്യാറില്ലാതെ താൻപോരിമ കാട്ടുന്നവർക്ക് നേരത്തെ പറഞ്ഞ രീതിയിൽ കോംപ്ലക്സുമായി ജീവിക്കേണ്ടിവരും.

അല്ലാഹു പറയുന്നു: "(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്" (ക്വുർആൻ 3:159).

ഇത് നബിﷺയെ സംബോധന ചെയ്ത് പറയുന്ന കാര്യമാണെങ്കിലും ഈ ആഹ്വാനം ഉൾക്കൊള്ളുന്ന ഏതൊരാൾക്കും തന്റെ ചുറ്റുമുള്ളവരെ പരിഗണിക്കുവാനും അവരുടെ സ്നേഹം ആർജിക്കുവാനും അവർക്ക് അർഹമായ അവസരങ്ങൾ നൽകുവാനും സാധിക്കുമെന്നതിൽ സംശയമില്ല.

മാനവർക്ക് മാർഗദർശനമായി അവതരിച്ച ക്വുർആനിക അധ്യാപനങ്ങളെ പ്രാവർത്തികമായി കാണിക്കുകയായിരുന്നു മുഹമ്മദ് നബിﷺ. നിർണായകമായ ബദ്ർ യുദ്ധ വേളയിൽ യുദ്ധ തന്ത്രങ്ങളെപ്പറ്റി തന്റെ അനുയായികളുമായി അദ്ദേഹം കൂടിയാലോചന നടത്തിയ സംഭവം ചിന്തനീയമാണ്.

സർവ സൈന്യാധിപനാണ് പ്രവാചകൻﷺ. കൂ

ടെയുള്ളത് അദ്ദേഹം പറയുന്നതെന്തും അനുസരിക്കാൻ തയ്യാറായി നിൽക്കുന്ന അനുയായികൾ. ബദ്റിലെ ജലാശയങ്ങളിലൊന്നിന്റെ അടുത്തെത്തിയപ്പോൾ നബിﷺ പറഞ്ഞു: 'ഇവിടെ ഇറങ്ങുക, നമ്മുടെ കേന്ദ്രം ഇവിടെയാവട്ടെ.' അനുയായികൾ അനുസരിച്ചു. എല്ലാവരും ഇറങ്ങി. നേരം പുലരുവാൻ ഇനി അധികം നേരമില്ല. നേരം പുലർന്നാൽ യുദ്ധമാണ്. സൈന്യത്തിലെ ഒരു സാധാരണ ഭടൻ അപ്പോൾ നബിയുടെ മുമ്പിലേക്ക് വന്നു. ഹുബാബ് ബിൻ മുൻദിർ‍ؓ എന്ന ആ അനുയായി നബിﷺയോട് ചോദിച്ചു: 'ഇത് അല്ലാഹു നിശ്ചയിച്ചു തന്ന കേന്ദ്രമാണോ, അഥവാ അങ്ങോട്ടോ ഇങ്ങോട്ടോ മാറ്റുവാൻ നമുക്ക് അവകാശമില്ലാത്ത കേന്ദ്രം? അതോ താങ്കൾ മനസ്സിൽ കാണുന്ന യുദ്ധത്തിനു വേണ്ടി അനുയോജ്യമെന്ന് താങ്കൾക്ക് തോന്നിയ ഒരു കേന്ദ്രം മാത്രമാണോ?' നബിﷺ പറഞ്ഞു: 'അല്ല, ഇത് ഞാനെന്റെ മനസ്സുകൊണ്ട് കണ്ട ഒരു കേന്ദ്രം മാത്രമാകുന്നു.' ഹുബാബ്ؓ പറഞ്ഞു: 'എന്നാൽ നബിയേ, എന്റെ അഭിപ്രായത്തിൽ ഇവിടെയല്ല നാം തമ്പടിക്കേണ്ടത്. ബദ്റിൽ നമുക്ക് വിലപേശാനുള്ള ഏക കാര്യം വെള്ളമാണ്. മക്കയിൽ നിന്ന് യുദ്ധത്തിനു വന്നവർക്ക് വേണ്ടത് വെള്ളമായിരിക്കും. അതിനാൽ ഇവിടെയല്ല ശത്രുപാളയത്തിന്റെ ഏറ്റവും അടുത്തുകിടക്കുന്ന ജലാശയത്തിനടുത്താണ് നാം തമ്പടിക്കേണ്ടത്. അപ്പോഴേ നമുക്ക് അവരെ ശരിക്കും വരുതിയിലാക്കുവാൻ കഴിയൂ. നാം അവിടെ തമ്പടക്കുകയും മറ്റുള്ള ജലാശയങ്ങൾ തടയുകയും നമുക്ക് സ്വന്തമായി ഒരു ജലസംഭരണിയുണ്ടാക്കി ജലം അതിൽ സംഭരിക്കുകയും വേണം.' ഹുബാബ്ؓ തന്റെ അഭിപ്രായം നബിയുടെ മുമ്പിൽ വെച്ചു. നബിﷺ പറഞ്ഞു: 'ഹുബാബ്, താങ്കൾ പറഞ്ഞതാണ് ശരി.' പിന്നെ അവർ ആ നിർദേശത്തിനു വിധേയമായി സൈനികസന്നാഹങ്ങൾ ഒരുക്കി. യുദ്ധത്തിന്റെ വിജയത്തിന് അത് നിർണായക തീരുമാനമാവുകയും ചെയ്തു.

സർവ സൈന്യാധിപനും അതിലുപരി അല്ലാഹുവിന്റെ പ്രവാചകനും! മാനവരിൽ ഏറ്റവും മഹോന്നതൻ. എന്നിട്ടും നിർണായക സന്ദർഭങ്ങളിൽ അനുയായികളുടെ നിർദേശങ്ങളെ അംഗീകരിക്കാൻ അദ്ദേഹം വൈമനസ്യം കാണിച്ചില്ല. അദ്ദേഹത്തിന്റെ വിനയവും നേതൃപാടവവും തെളിയിക്കുന്ന ചരിത്രത്തിലെ നിരവധി സംഭവങ്ങളിൽ ഒന്ന് മാത്രമാണിത്. ലോകത്തിന്റെ പ്രവാചകന് ഭൗതിക കാര്യങ്ങളിൽ തങ്ങൾക്ക് ചുറ്റുമുള്ളവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കാൻ ഒരു മടിയുമില്ലെങ്കിൽ നമുക്ക് എന്ത്കൊണ്ട് അങ്ങനെയായിക്കൂടാ? ആരോ നമ്മിൽ കുത്തിനിറച്ച ഈഗോ ആണ് പലപ്പോഴും നമ്മെ ഇത്തരം കാര്യങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നത്. അനുയായിയുടെ അഭിപ്രായം കേട്ട പ്രവാചകൻﷺ ഇത് തീരുമാനത്തെ ചോദ്യം ചെയ്യലല്ലേ എന്ന് ചിന്തിച്ചില്ല. ആ തീരുമാനം നടപ്പിലാക്കിയത് മുഖേന അദ്ദേഹത്തിന്റെ മഹത്ത്വത്തിനോ പദവിക്കോ ഒരു കോട്ടവും തട്ടിയില്ല. അനുയായികളിൽ അത് ആത്മവിശ്വാസം വർധിപ്പിക്കുകയും ചെയ്തു.

**കുടുംബനാഥന്മാരോട്**

നമ്മളാണ് കുടുംബത്തെ നയിക്കുന്നത്. നാം ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും വേണം. തന്റെ പദവിയും അധികാരവും മറ്റുള്ളവർ അംഗീകരിക്കണം. അതിനു വേണ്ടത് താൻ വലിയവനാണെ നാട്യമല്ല; കുടുംബത്തിലുള്ളവരെ അംഗീകരിക്കുകയും സ്നേഹിക്കുകയുമാണ്. കാര്യങ്ങൾ കുടുംബാംഗങ്ങളുമായി കൂടിയാലോചിക്കണം. അവരുടെ കൂടി അഭിപ്രായങ്ങളും നിർദേശങ്ങളും കേൾക്കുവാൻ മനസ്സുണ്ടാവണം. സ്വീകരിക്കാൻ പറ്റുന്നത് സ്വീകരിക്കണം. സ്വന്തം തീരുമാനങ്ങൾ ഏകപക്ഷീയമായി അടിച്ചേൽപിക്കുവാൻ ശ്രമിച്ചാൽ അത് ഗതികേടുകൊണ്ട് അവർ അനുസരിച്ചു എന്ന് വരാം. പക്ഷേ, അതിന്റെ തിക്തഫലം പിന്നീട് പ്രത്യക്ഷപ്പെടാൻ സാധ്യതയുണ്ട്.

മക്കൾക്കും ഭാര്യക്കും മാതാപിതാക്കൾക്കും അഭിപ്രായങ്ങൾ പറയാൻ പരമാവധി അവസരം നൽകണം. തങ്ങൾ അംഗീകരിക്കപ്പെടുന്നു എന്ന തോന്നൽ അത് അവരിലുണ്ടാക്കും. അത് അവർക്ക് നമ്മോടുള്ള സ്നേഹം വർധിപ്പിക്കും. ഓരോരുത്തരും അവർക്ക് ചെയ്യാവുന്ന കാര്യങ്ങൾ സ്വതന്ത്രമായി ചെയ്യട്ടെ. നമ്മൾ അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക. അടുക്കളയിൽ രാവും പകലും പുകഞ്ഞു തീരേണ്ടവരല്ല സ്ത്രീകൾ. അവരെ പുരുഷന്മാർക്ക് സഹായിക്കാം. അത് ബന്ധത്തിന്റെ ഇഴയടുപ്പം വർധിപ്പിക്കും. വീട്ടിൽ ഉള്ളവർക്ക് ജോലികൾ വീതിച്ചെടുക്കട്ടെ. ഓരോരുത്തരും അവരുടെ പ്രായത്തിനും കഴിവിനും അനുസരിച്ച് വീട്ടിലെ ജോലികൾ ചെയ്യട്ടെ. ജോലിക്ക് പോകുന്ന ഭർത്താവിന്, പിതാവിന്, സഹോദരന്, മകന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാൻ സ്ത്രീകൾ ശ്രദ്ധിക്കണം. ഇതൊക്കെ എന്തുമാത്രം മാനസിക സംതൃപ്തി നൽകുമെന്ന് അനുഭവിച്ചു തന്നെ അറിയണം.

പഠനവും കരിയറും നഷ്ടപ്പെടാതെ തന്നെ തങ്ങളും വീട്ടുകാര്യങ്ങളിൽ ചിലതൊക്കെ ചെയ്യാനുണ്ടെന്ന് മക്കൾ തിരിച്ചറിയണം. ഉത്തരവാദിത്ത നിർവഹണത്തിന്റെ ഭാരവും സുഖവും അനുഭവിച്ചറിയാൻ അവർക്ക് അവസരം ഉണ്ടാകണം. അങ്ങനെ വളരുന്നവർ പ്രായവും പക്വതയും എത്തുമ്പോൾ പ്രതിസന്ധികളെ മനക്കരുത്തോടെ നേരിടാനും പ്രശ്നങ്ങളെ രമ്യമായി പരിഹരിക്കാനും കുടുംബത്തെ ഭംഗിയായി നയിക്കാനും പാകപ്പെട്ടിരിക്കും. അമ്മായിയമ്മ, മരുമകൾ, നാത്തൂൻ പോരുകൾ സ്ത്രീകൾക്കിടയിൽ അന്യമാകും. സന്തോ

ഷകരമായ കുടുംബാന്തരീക്ഷം സൃഷ്ടിക്കപ്പെടും. പുതുതലമുറയിലെ വിവാഹ മോചനങ്ങളുടെ പ്രധാന കാരണങ്ങളിലൊന്ന് മക്കൾക്ക് ജീവിതാനുഭവങ്ങൾ ഇല്ലാത്തതിന്റെ അഭാവമാണ്. അതിനാൽ കുടുംബത്തെ നയിക്കുന്നതിലും പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും അവർ പരാജയപ്പെട്ടു പോകുന്നു. മക്കളുടെ സന്തോഷം ലാക്കാക്കി അവരെ യാതൊരു ബുദ്ധിമുട്ടും അറിയിക്കാതെ, മേലനങ്ങിയുള്ള ജോലിയൊന്നും ചെയ്യിക്കാതെ വളർത്തുന്ന മാതാപിതാക്കൾ അവരുടെ ഭാവിയിൽ കരിനിഴൽ വീഴ്ത്തുകയാണ് യഥാർഥത്തിൽ ചെയ്യുന്നത്.

**തൊഴിൽ ദാതാക്കൾ, അധികാരികൾ എന്നിവരോട്**

നമുക്ക് കീഴിൽ ജോലി ചെയ്യുന്നവർ വ്യത്യസ്ത കഴിവുകൾ ഉള്ളവരാണ്; വ്യക്തിത്വവും. തന്റെ അധികാരം കാണിക്കാൻ കൃത്രിമമായി ബോസ് ചമഞ്ഞ് പരുഷത കാണിക്കുന്തിൽ അർഥമില്ല. നമുക്ക് അവരിൽ നിന്നും അവരുടെ കർമശേഷിയുടെ ഗുണം ലഭിക്കണം. അവരിൽ അവിശ്വാസം പ്രകടിപ്പിക്കലും അവിശ്രമം പണിയെടുപ്പിക്കലും ഒഴിവാക്കണം. അവരോട് അഭിപ്രായം ചോദിക്കേണ്ട കാര്യങ്ങളിൽ ചോദിക്കാൻ നമ്മുടെ ഈഗോ തടസ്സമാകരവുത്.

കേവലം ഉത്തരവുകൾ നടപ്പിലാക്കാനുള്ള ഉപകരണങ്ങളായി കീഴ്ജീവനക്കാരെ കാണരുത്. നിർബന്ധിപ്പിച്ച് കാര്യങ്ങൾ ചെയ്യിപ്പിക്കാൻ ശ്രമിച്ചാൽ അത് കേവലം യാന്ത്രികമാവുകയും ആത്മാർഥത നഷ്ടമാവുകയും ചെയ്യും. നമ്മൾ ഏറ്റവും മാന്യമായി പെരുമാറുകയും അർഹമായ വേതനം നൽകുകയും ചെയ്താൽ അവർ നിർബന്ധിക്കാതെ തന്നെ ആത്മാർഥമായി ജോലി ചെയ്യും. കീഴിൽ ജോലി ചെയ്യുന്നവരോട് അഭിപ്രായങ്ങൾ ചോദിച്ചാൽ തകർന്ന് പോകുന്നതല്ല നമ്മുടെ പദവികൾ. ഈ സ്ഥാപനം നമ്മുടെതാണ്, ഇത് നിലനിൽക്കൽ നമ്മുടെ കൂടി ആവശ്യമാണ് എന്ന ചിന്ത അവരിൽ വളർത്താൻ നമുക്ക് സാധിക്കണം. എങ്കിൽ ആത്മാർഥമായ പരിശ്രമവും പ്രാർഥനയും അവരിൽ നിന്നുണ്ടാവും.

**സംഘടനാ പ്രവർത്തകരോട്**

സാമൂഹ്യ ജീവി എന്ന നിലയിൽ മനുഷ്യൻ വിവിധ സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നവനാണ്. മത, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, വിദ്യാഭ്യാസ മേഖലകളിൽ നിരവധി സംഘടനകൾ നമ്മുടെ നാട്ടിലുണ്ട്. ഒരു സംഘാടകൻ എന്നത് കാര്യങ്ങൾ സ്വയം ചെയ്യുന്നവൻ അല്ല. മറിച്ച് മറ്റുള്ളവരുടെ വ്യത്യസ്തമായ കഴിവുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവനാണ്. കേവലം പോസ്റ്റർ ഒട്ടിക്കാൻ സാധിക്കുന്നവർ മുതൽ ഒരു വലിയ സമ്മേളനം ഭംഗിയായി നടത്താൻ കഴിവുള്ളവർ വരെ ഓരോ സംഘടനയിലും ഉണ്ടാകും. ഓരോരുത്തരുടെയും കഴിവുകൾ മനസ്സിലാക്കി അവരെ ഉപയോഗപ്പെടുത്തിന്നിടത്താണ് ഒരു സംഘാടകൻ വിജയിക്കുന്നത്. ഒരു പരിപാടി ആസൂത്രണം ചെയ്യുമ്പോൾ മറ്റുള്ളവർക്ക് സംഘാടനത്തിൽ അവരുടെ കഴിവിനനുസരിച്ചുള്ള പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിക്കണം. ഉത്തരവാദിത്തം മുഴുവൻ ഒന്നോ രണ്ടോ ആളുകളിൽ ചുരുക്കുന്നതിന് പകരം പരമാവധി ആളുകളുടെ സേവനം ഉപയോഗപ്പെടുത്തണം. കൂടിയാലോചനയും അവസരോചിതമായ ഇടപെടലും അനിവാര്യമാണ്.

അവസരങ്ങൾ നൽകിയാൽ മാത്രമെ ആളുകൾ തങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്തുകയുള്ളൂ; പുതിയ പ്രവർത്തകരെ കണ്ടെത്താൻ സാധിക്കുകയുള്ളൂ. തങ്ങളുടെ അധികാരം മറ്റാരെങ്കിലും തട്ടിയെടുക്കുമോ അല്ലെങ്കിൽ അവൻ എന്നെ ഒതുക്കുമോ എന്ന ഭീതി ചില സംഘാടകർക്കിടയിൽ കാണാറുണ്ട്. നമ്മുടെ കഴിവും അറിവും മറ്റുള്ളവർക്ക് പകർന്ന് കൊടുക്കുന്നത് കൊണ്ട് ഒന്നും നഷ്ടപ്പെടുകയില്ല; മറിച്ച് നമുക്ക് കൂടുതൽ നന്നായി കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയാണ് ചെയ്യുക. തന്നെക്കാൾ കഴിവുള്ളവർ അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തിയാൽ അത് ആത്യന്തികമായി കൂട്ടായ്മക്കും സമൂഹത്തിനുമാണ് ഉപകാരപ്പെടുക. ഞാൻ ഒറ്റക്കാണ്, ഓടിയോടി തളർന്നു, ഊണും ഉറക്കമില്ല തുടങ്ങിയ പരാതികൾ ഉണ്ടാകുന്നത് മറ്റുള്ളവരെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കാത്തവർക്കാണ്. ആരും ഒറ്റക്ക് ഓടിത്തളരേണ്ട സാഹചര്യം ഇന്നില്ല. കഴിവുള്ള അനേകമാളുകൾ നമുക്ക് ചുറ്റുമുണ്ട്. അവരെ കണ്ടെത്തി ഉപയോഗപ്പെടുത്താനുള്ള മനസ്സും താൽപര്യവുമാണ് വേണ്ടത്.

ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം അവൻ കാരണം ആരെങ്കിലും ഒരു നന്മ ചെയ്താൽ അതിന്റെ പ്രതിഫലം അവനും ലഭിക്കും. കൂടുതൽ ആളുകൾക്ക് നന്മ പകർന്നുകൊടുത്താൽ ധാരാളം പ്രതിഫലം സ്വായത്തമാക്കാൻ സാധിക്കും. പ്രവർത്തനത്തിന്റെ അനുഭവം നമ്മെ പോലെ മറ്റുള്ളവർക്കും ഉണ്ടാകണം.

ഏതൊരാളെയും അയാളുടെ കഴിവും പ്രാപ്തിയും അനുസരിച്ച് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. കേവലം ഫോർമാലിറ്റിക്ക് വേണ്ടിയുള്ള പരിഗണന കാപട്യമാണ്. ആത്മാർഥമായ ഇടപെടലുകൾക്ക് മാതമെ ഫലമുണ്ടാകൂ.

'എല്ലാവരും ഭരണാധികാരികളാണ്. തങ്ങളുടെ ഭരണീയരെ കുറിച്ച് എല്ലാവരും ചോദ്യം ചെയ്യപ്പെടും' എന്ന പ്രവാചക വചനം നമ്മെ നയിക്കേണ്ടതുണ്ട്. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 71, ഭാഗം: 1

# നൂഹ്

إِنَّآ أَرۡسَلۡنَا نُوحًا إِلَىٰ قَوۡمِهِۦٓ أَنۡ أَنذِرۡ قَوۡمَكَ مِن
قَبۡلِ أَن يَأۡتِيَهُمۡ عَذَابٌ أَلِيمٞ ﴿١﴾ قَالَ يَٰقَوۡمِ إِنِّي
لَكُمۡ نَذِيرٞ مُّبِينٌ ﴿٢﴾ أَنِ ٱعۡبُدُواْ ٱللَّهَ وَٱتَّقُوهُ
وَأَطِيعُونِ ﴿٣﴾ يَغۡفِرۡ لَكُم مِّن ذُنُوبِكُمۡ وَيُؤَخِّرۡكُمۡ
إِلَىٰٓ أَجَلٖ مُّسَمًّىۚ إِنَّ أَجَلَ ٱللَّهِ إِذَا جَآءَ لَا يُؤَخَّرُۚ لَوۡ
كُنتُمۡ تَعۡلَمُونَ ﴿٤﴾ قَالَ رَبِّ إِنِّي دَعَوۡتُ قَوۡمِي لَيۡلٗا
وَنَهَارٗا ﴿٥﴾ فَلَمۡ يَزِدۡهُمۡ دُعَآءِيٓ إِلَّا فِرَارٗا ﴿٦﴾ وَإِنِّي
كُلَّمَا دَعَوۡتُهُمۡ لِتَغۡفِرَ لَهُمۡ جَعَلُوٓاْ أَصَٰبِعَهُمۡ فِيٓ
ءَاذَانِهِمۡ وَٱسۡتَغۡشَوۡاْ ثِيَابَهُمۡ وَأَصَرُّواْ وَٱسۡتَكۡبَرُواْ
ٱسۡتِكۡبَارٗا ﴿٧﴾
ثُمَّ إِنِّي دَعَوۡتُهُمۡ جِهَارٗا ﴿٨﴾ ثُمَّ إِنِّيٓ أَعۡلَنتُ لَهُمۡ
وَأَسۡرَرۡتُ لَهُمۡ إِسۡرَارٗا ﴿٩﴾ فَقُلۡتُ ٱسۡتَغۡفِرُواْ رَبَّكُمۡ
إِنَّهُۥ كَانَ غَفَّارٗا ﴿١٠﴾ يُرۡسِلِ ٱلسَّمَآءَ عَلَيۡكُم
مِّدۡرَارٗا ﴿١١﴾ وَيُمۡدِدۡكُم بِأَمۡوَٰلٖ وَبَنِينَ وَيَجۡعَل لَّكُمۡ
جَنَّٰتٖ وَيَجۡعَل لَّكُمۡ أَنۡهَٰرٗا ﴿١٢﴾

1). തീർച്ചയായും നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയച്ചു. നിന്റെ ജനതയ്ക്ക് വേദനയേറിയ ശിക്ഷ വരുന്നതിന്റെ മുമ്പ് അവർക്ക് താക്കീത് നൽകുക എന്ന് നിർദേശിച്ചു കൊണ്ട്

2). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്കു വ്യക്തമായ താക്കീതുകാരനാകുന്നു.

3). നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

4. എങ്കിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ പാപങ്ങളിൽ ചിലത് പൊറുത്തുതരികയും, നിർണയിക്കപ്പെട്ട ഒരു അവധി വരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ അവധി വന്നാൽ അത് നീട്ടി കൊടുക്കപ്പെടുകയില്ല. നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ.

5. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു.

6. എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമേ ചെയ്തുള്ളു.

7. തീർച്ചയായും, നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും, അവർ ശഠിച്ചുനിൽക്കുകയും കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്.

8. പിന്നീട് അവരെ ഞാൻ ഉറക്കെ വിളിച്ചു.

9. പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി.

10. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു.

11. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും.

12. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട്നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും.


നൂഹ്നബി(അ)യുടെ കഥ മാത്രമെ ഈ സൂറത്തിൽ അല്ലാഹു പരാമർശിച്ചിട്ടുള്ളൂ. അദ്ദേഹം അത്രയും നീണ്ട കാലം തന്റെ ജനതയിൽ കഴിച്ചുകൂട്ടുകയും ശിർക്കിനെതിരെയും തൗഹീദിലേക്കുള്ള പ്രബോധനം ആവർത്തിക്കുകയും ചെയ്തതു കൊണ്ടാണത്. നൂഹ്നബി(അ)യെ തന്റെ ജനതയിലേക്ക് അവർക്ക് കാരുണ്യമായും വേദനയേറിയ ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യാനുമായി അയച്ചതിനെ കുറിച്ചാണ് അല്ലാഹു ഇവിടെ അറിയിക്കുന്നത്. അവർ അവിശ്വാസത്തിൽ തുടരുമോ എന്ന ഭയം. അപ്പോൾ അവരെ ശാശ്വതമായി നശിപ്പിക്കുകയും അനന്തമായി ശിക്ഷിക്കേണ്ടിവരികയും ചെയ്യും.

3,4). നൂഹ്നബി(അ) അത് നിർവഹിച്ചു. അല്ലാഹുവിന്റെ കൽപന നിറവേറ്റാൻ അദ്ദേഹം ധൃതി കാണിച്ചു. അദ്ദേഹം പറഞ്ഞു: (എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് വ്യക്തമായ താക്കീതുകാരനാകുന്നു) വ്യക്തവും പ്രകടവുമായ മുന്നറിയിപ്പ്. വ്യക്തമെന്നാൽ താക്കീത് ചെയ്യുന്ന വിഷയവും ആരെയാണ് താക്കീത് ചെയ്യുന്നതെന്നതും വ്യക്തമാണെന്നർഥം. എങ്ങനെ വിജയം നേടാമെന്നതും വേണ്ട വിധം വ്യക്തമാക്കിക്കൊടുത്തു. തുടർന്ന് അതിനുള്ള അടിസ്ഥാന കാര്യങ്ങൾ നിർദേശിക്കുന്നു. (നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും ചെയ്യുക). ആരാധനയിലും വിശ്വാസത്തിലും അവനെ ഏകനാക്കുകയും ശിർക്കിൽ നിന്നും അതിന്റെ വഴികളിൽ നിന്നും മാറിനിൽക്കുകയും ചെയ്യുക. അവർ അല്ലാഹുവിനെ സൂക്ഷിക്കുകയാണെങ്കിൽ അവരുടെ പാപങ്ങൾ അവൻ പൊറുത്തുകൊടുക്കും. പാപങ്ങൾ പൊറുക്കപ്പെട്ടാൽ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും പ്രതിഫലത്താൽ വിജയിക്കാനും കഴിയും. (നിർണയിക്കപ്പെട്ട ഒരവധി വരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്). ഈ ജീവിതത്തിൽ നിങ്ങൾക്ക് നിശ്ചിതകാലം സൗകര്യങ്ങൾ നൽകുകയും പ്രയാസങ്ങളെ തടുക്കുകയും ചെയ്യും. ഈ ലോകത്ത് ജീവിക്കുന്നതിന്റെ കണക്ക് അല്ലാഹുവിന്റെ വിധി തീരുമാനങ്ങൾക്കനുസരിച്ച് ഒരു നിശ്ചിത സമയം വരെയാണ്. ആരും ഇവിടെ ശാശ്വതരല്ല. മരണം അനിവാര്യമാണ്. (തീർച്ചയായും അല്ലാഹുവിന്റെ അവധി വന്നാൽ അത് നീട്ടിക്കൊടുക്കപ്പെടുകയില്ല. നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ). സത്യത്തെ തള്ളിക്കളയുകയും അല്ലാഹുവിൽ അവിശ്വസിക്കുകയും ചെയ്തപോലെ.

5-7). അദ്ദേഹത്തിന്റെ വിളിക്കവർ ഉത്തരം നൽകിയില്ല. കൽപനകൾക്ക് കീഴ്പ്പെട്ടതും ഇല്ല. അപ്പോൾ തന്റെ രക്ഷിതാവിനോട് ആവലാതിപ്പെട്ടുകൊണ്ട് അദ്ദേഹം പറഞ്ഞു: (എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു). എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളൂ). സത്യത്തിൽ നിന്നുള്ള ഓടിപ്പോക്കും തിരിഞ്ഞുകളയലും യാതൊരു പ്രയോജനവും ഉണ്ടാക്കിയില്ല. കാരണം പ്രബോധനത്തിന്റെ പ്രയോജനമെന്നത് ലക്ഷ്യം മുഴുവനായോ ഭാഗികമായോ കരസ്ഥമാക്കലാണ്. (തീർച്ചയായും നീ അവർക്ക് പൊറുത്തുകൊടുക്കാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും) എന്റെ വിളിക്കവർ ഉത്തരം നൽകാനും അതുവഴി നീ അവർക്ക് പൊറുത്തുകൊടുക്കാനും വേണ്ടി. അതിലവർക്ക് നന്മ മാത്രമാണുള്ളത്. പക്ഷേ, അസത്യത്തിലുള്ള; അവരുടെ ധിക്കാരത്താലും സത്യത്തിൽ നിന്നുള്ള അകൽച്ചയാലും അവർ വിസമ്മതിച്ചു. (അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും ചെയ്തു). അവരുടെ പ്രവാചകൻ നൂഹിന്റെ(അ) വാക്കുകൾ കേട്ടുപോകുമോ എന്ന ഭയത്താൽ. (അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും) സത്യത്തോടുള്ള ദേഷ്യത്താലും അതിൽ നിന്ന് വിട്ടുനിൽക്കാനും അവരെ മൂടുന്ന കവചങ്ങളാൽ അവർ മൂടുകയും ചെയ്തു. (അവർ ശഠിച്ചുനിൽക്കുകയും) അവരുടെ ദുഷ്പ്രവർത്തികളിലും അവിശ്വാസത്തിലും. (അഹങ്കാരം നടിക്കുകയും ചെയ്തു) സത്യത്തോട്. (കടുത്ത അഹങ്കാരം) അവരുടെ ദോഷങ്ങൾ വർധിച്ചു. നന്മകൾ ഇല്ലാതാവുകയും ചെയ്തു.

8,9). (പിന്നീട് ഞാനവരെ ഉറക്കെവിളിച്ചു). അവരെല്ലാവരും കേൾക്കാവുന്ന വിധം. (പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനംനടത്തി). ഇതെല്ലാം അവരോടുള്ള താൽപര്യവും ഗുണകാംക്ഷയുമാണ്. ലക്ഷ്യം സാക്ഷാത്കരിക്കുമെന്ന് തോന്നുന്ന എല്ലാ വഴികളിലൂടെയും ചെന്നുനോക്കി.

10). (അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക). നിങ്ങൾ ഇപ്പോൾ ചെയ്യുന്ന പാപങ്ങൾ ഉപേക്ഷിക്കുകയും അതിൽ നിന്ന് അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. (തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു). ഖേദിച്ചു മടങ്ങുകയും പാപമോചനം തേടുകയും ചെയ്യുന്നവന് ധാരാളം പൊറുത്തുകൊടുക്കുന്നവൻ. പാപമോചനത്തിനും അതിനെ തുടർന്ന് ലഭിക്കുന്ന പ്രതിഫലങ്ങൾക്കും ശിക്ഷയെ പ്രതിരോധിക്കാനും അവരെതാൽപര്യപ്പെടുത്തുന്നു. പെട്ടെന്ന് ലഭിക്കുന്ന ഇഹലോകത്തെ ഗുണങ്ങൾക്കും അവരെ ആഗ്രഹിപ്പിക്കുന്നു. (അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും). താഴ്ന്ന പ്രദേശങ്ങളെയും മലഞ്ചെരുവുകളെയും നനപ്പിക്കുന്ന, മനുഷ്യർക്കും നാടുകൾക്കും ജീവൻ നൽകുന്ന തുടർച്ചയായ മഴ. (സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും ചെയ്യും) ഇഹലോകത്തെ നിങ്ങളുടെ ആവശ്യങ്ങൾ നേടാൻ ഉതകുന്ന സ്വത്തുക്കളും സന്താനങ്ങളും നിങ്ങൾക്കവൻ വർധിപ്പിച്ചുതരും. (നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികളുണ്ടാക്കിത്തരികയും ചെയ്യും). ഇത് ഭൗതിക ജീവിതത്തിന്റെ ഏറ്റവും വലിയ ആവശ്യങ്ങളും ആസ്വാദനങ്ങളുമാണ്. ●



പി.വി ഉമർകുട്ടി ഹാജി (റഹി)
തയ്യാറാക്കിയത്: യൂസുഫ് സാഹിബ് നദ്‌വി

പുനർവായന

# ഏറനാട്ടിലെ ഓർമകളും ഇസ്വ്‌ലാഹി പ്രസ്ഥാനവും

*കാലമെത്ര കഴിഞ്ഞുകടന്നാലും മധുരിക്കുന്ന ഓർമകളുമായി എന്നും നമ്മുടെ മനസ്സുകളിൽ ജീവിക്കുന്ന അപൂർവം ചില വ്യക്തിത്വങ്ങളുണ്ടാകും.*

*കേരള മുസ്‌ലിം ഐക്യസംഘത്തിലൂടെ സമുദായ സേവന രംഗത്തേക്ക് കടന്നുവന്ന മഹദ് വ്യക്തിയാണ് മലപ്പുറം ജില്ലയിലെ ഒതായിയിലെ പി.വി.ഉമർകുട്ടി ഹാജി(റഹി). അദ്ദേഹത്തിന്റെ സേവനങ്ങൾ വിലമതിക്കാനാകാത്തതാണ്. കൃത്യമായനിലയിൽ ഉത്തരവാദിത്തങ്ങൾ നിർവഹിച്ച ഒരു മഹാ മനീഷി, തന്റെ ജനനം മുതൽ ജീവിതത്തിന്റെ അവസാന കാലംവരെയുള്ള സംഭവങ്ങളെ ലഘുവായ നിലയിൽ രേഖപ്പെടുത്തിവെച്ച ചരിത്രകാരൻ, ബ്രിട്ടീഷ് ഇന്ത്യയിലെ അംശാധികാരി, വില്ലേജ് മുൻസിഫ്, വില്ലേജ് മജിസ്‌ട്രേട്ട്, ജനന മരണ രജിസ്റ്റാർ തുടങ്ങിയ നിരവധി നിലകളിൽ സ്തുത്യർഹമായ സേവനങ്ങൾ ചെയ്ത ബഹുമുഖ പ്രതിഭ; പി.വി.ഉമർകുട്ടി ഹാജി. മലബാർ പോലീസ്, കളക്ടർ തുടങ്ങിയവരിൽനിന്നും അദ്ദേഹം ഗുഡ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ തുടക്കം അതിന്റെ വളർച്ച, മലബാറിലെ മതസ്ഥാപനങ്ങളുടെ പ്രാരംഭം തുടങ്ങിയ വിഷയങ്ങളിൽ ഏറ്റവും ആധികാരികമായ റഫറൻസ് കൂടിയായിരുന്നു അദ്ദേഹം.*

*ഇസ്‌ലാഹി കേരളത്തിലെ പ്രമുഖന്മാരായ പണ്ഡിതന്മാർ, നേതാക്കൾ എന്നിവരോടൊന്നിച്ച് പ്രവർത്തിച്ചതിന്റെ അനുഭവപരിചയം അദ്ദേഹത്തിന്റെ ഓർമക്കുറിപ്പുകളിൽ പ്രത്യേകം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. 'ഞാനും എന്റെ നാടും,' 'ഒരു മറുപടി; അൽപം വിശദീകരണത്തോടെ' എന്നീ പേരുകളിൽ അദ്ദേഹം സ്വന്തം ജീവിതത്തിന്റെ അവസാനകാലത്ത് രേഖപ്പെടുത്തിയ ഏതാനും പേജുകളിലെ രണ്ട് ഓർമക്കുറിപ്പുകളുടെ സമാഹരണമാണ് 'ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും' എന്ന ലേബലിൽ വായനക്കാർക്ക് വേണ്ടി പുനഃപ്രസിദ്ധീകരിക്കുന്നത്. 1991കാലത്ത് ഇതിന്റെ ഒന്നാമത്തെ പതിപ്പ് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്നു. ചരിത്രാന്വേഷികളായ വായനക്കാർക്ക് വേണ്ടി ഈ പുസ്തകങ്ങൾ കണ്ടെത്തി ആവശ്യമായ വിശദീകരണവും ഭംഗിയും നൽകി പുനഃപ്രസിദ്ധീകരിക്കാനുള്ള താൽപര്യം പ്രകടിപ്പിച്ചത് ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ ആണ്. അല്ലാഹു സ്വീകരിച്ച് അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ).*

മാന്യ സുഹൃത്തുക്കളേ, അസ്സലാമു അലൈക്കും.

ആദ്യമായി ഈ ചെറുപുസ്തകം എഴുതാൻ എന്നെ പ്രേരിപ്പിച്ച വസ്തുത എന്താണെന്ന് ഞാൻ പറയട്ടെ. കോഴിക്കോട് മുജാഹിദ് സെന്ററിൽ നിന്നും എന്റെ ജീവചരിത്രം സംക്ഷിപ്തമായി ഒന്ന് എഴുതി അയച്ചുകൊടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കത്ത് 1989 ജനുവരി 24ന് അയച്ചത് എനിക്ക് കിട്ടുകയുണ്ടായി. ഇതുപോലെ തന്നെ ഒതായിയുടെ ചരിത്രവും എഴുതി അയക്കാൻ മറ്റൊരു കത്തും എനിക്ക് കിട്ടി. സമയപരിധി നിശ്ചയിച്ചിരുന്നതുകൊണ്ട് ഞാൻ പെട്ടെന്ന് ഒന്ന് എഴുതി തയ്യാറാക്കി അയച്ചു കൊടുത്തു. അതിന്റെ കോപ്പിയാണിത്.

ഞാൻ അന്ന് എഴുതി അയച്ച കടലാസിന്റെ കോപ്പി എന്റെ മറ്റു റിക്കാർഡുകളുടെ കൂട്ടത്തിൽ ഇടക്കിടക്ക് കാണുമ്പോൾ ആയത് നശിച്ചുപോകാതിരുന്നാൽ പിൻതലമുറക്ക് ഉപകാരപ്പെട്ടെങ്കിലോ എന്ന തോന്നലാണ് അൽപം വിശദീകരിച്ച് എഴുതി പ്രസ്സിൽ കൊടുക്കാൻ എന്നെ പ്രേരിപ്പിച്ചത്.

അസത്യമായോ അതിശയോക്തിയായോ ഒന്നും എഴുതിച്ചേർത്തിട്ടില്ല. മറ്റുവല്ല പാകപ്പിഴവുകളും ഉണ്ടെങ്കിൽ ക്ഷമിക്കുവാനപേക്ഷ.

എന്ന്
പി.വി.ഉമർകുട്ടി ഹാജി(ഒപ്പ്)

**ജനനം, ബാല്യം:**

ഞാൻ ജനിച്ചത് 1917 നവംബർ മാസത്തിൽ[1] ആണ്. മഞ്ചേരിക്കടുത്ത ആനക്കയത്ത് കൂരിമണ്ണിൽ വലിയമണ്ണിൽ(അങ്ങീൽ) എന്ന വീട്ടിലാണ് പിറന്നത്.

പി.വി. മുഹമ്മദാജിയുടെയും കെ.വി. ആമിക്കുട്ടി ഉമ്മയുടെയും സന്താനമായി ജനിച്ചു. എന്നെ ആദ്യമായി മതപഠനത്തിന് ഏൽപിച്ചത് എടവണ്ണ ചെറുപള്ളിക്കൽ ഐദറു മുല്ലാക്കയുടെ അടുക്കലായിരുന്നു.

ആനക്കയം ബോർഡ് മാപ്പിള എലിമെന്ററി, എടവണ്ണ ബോർഡ് മാപ്പിള എലിമെന്ററി എന്നിവിടങ്ങളിലും 1927ൽ ഒതായിയിൽ വാപ്പ മുഹമ്മദാജി ആരംഭിച്ച മാനേജ്മന്റ് സ്‌കൂളിലും 1928ൽ മേപ്പടി സ്‌കൂൾ ബോർഡ് എലിമെന്ററി സ്‌കൂൾ ആയി അംഗീകരിച്ചപ്പോൾ അതേ സ്‌കൂളിലെ പ്രഥമവിദ്യാർഥിയായും ചേർന്നു. 1929ൽ മഞ്ചേരി ബോർഡ് മാപ്പിള സ്‌കൂളിൽ ചേർന്നു. 1930ൽ മഞ്ചേരി ബോർഡ് ഹൈസ്‌കൂളിൽ അഞ്ചാം ക്ലാസ്സിൽ ചേർന്നു. 1937ൽ എസ്.എസ്.എൽ.സി[2] പരീക്ഷ കഴിഞ്ഞു. സ്‌കൂൾ ജീവിതം നിർത്തി. 1939ൽ വിവാഹിതനായി. 1940ൽ സ്വന്തമായി കളത്തിങ്ങൽ വീട്ടിൽ താമസമാക്കി.

1938മുതൽ തന്നെ മുണ്ടേന്തോട്, ഖുറാൻ പുഴ, ചെക്കുന്നൻ കട്ടാടൻ, പാറമല, ആലങ്ങാടി മുതലായ മലകളിലെ ഒരങ്കോൽ, കൊടക്കാൽ, മുള, നെല്ലിക്ക ഇതുകളുടെയും, 1945മുതൽ അതുകളിലെ മരം, വിറക് മുതലായവകളുടെയും കച്ചവടം നടത്തി. അരീക്കോട് ഭാഗത്ത് ഓടക്കയം, ആനക്കയം മുതലായ സ്ഥലങ്ങളിൽ നിന്നും മരങ്ങൾ മുറിച്ചിറക്കി കൊണ്ടുപോകുന്ന കച്ചവടവും ഉണ്ടായിരുന്നു. എടവണ്ണ ഓഫീസായി നിലമ്പൂർ,

**കെ.എം. മൗലവി, മണപ്പാട് കുഞ്ഞിമുഹമ്മദാജി സാഹിബ്, ഇ.കെ. മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മൗലവി മുതലായവർ 1922ൽ 'ഐക്യ സംഘം' രൂപീകരിച്ചപ്പോൾ വാപ്പ അതിൽ ഒരു സജീവ പ്രവർത്തകനായിരുന്നു. അദ്ദേഹത്തോടൊപ്പം രണ്ടു വാർഷിക സമ്മേളനങ്ങളിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഞങ്ങൾക്ക് രാഷ്ട്രീയ നേതൃത്വം കിട്ടിയിരുന്നത് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിലൂടെ ആയിരുന്നു. കോഴിക്കോട് ചെന്നാൽ അമീൻ ലോഡ്ജിൽ പോയി അദ്ദേഹത്തെ കാണണം; അത് നിർബന്ധമായിരുന്നു. അദ്ദേഹത്തിന്റെ മതഭക്തിയും ഇസ്‌ലാമിക ആവേശവുമായിരുന്നു ഞങ്ങളെ അദ്ദേഹത്തിങ്കലേക്കടുപ്പിച്ചത്. മൊയ്തു മൗലവിയും പൊന്മുണ്ടത്തെ മൊയ്തീൻകോയ ഹാജിയും അബുക്കയും സദാ അമീൻ ലോഡ്ജിൽ ഉണ്ടാകാറുണ്ടായിരുന്നു.**

വണ്ടൂർ, മമ്പാട് മുതലായ സ്ഥലങ്ങളിൽ നിന്നും വരുന്ന മരങ്ങൾ വാങ്ങിയും കച്ചവടം നടത്തിയിരുന്നു. കോഴിക്കോട് പഴയ ദർബാർ ഹോട്ടലും റങ്കൂൺ ഹോട്ടലുമായിരുന്നു എന്റെ താവളം. ഒതായിയിൽ പലചരക്കും തുണിക്കച്ചവടവും സ്റ്റേഷനറിയും ഉണ്ടായിരുന്നു.

ഈ കച്ചവടങ്ങളും ഏതാനും കൃഷികളും നടത്തുന്നതിനോടൊപ്പം എന്റെ പരിമിതമായ കഴിവനുസരിച്ച് മതപരവും സാമൂഹ്യവും സാംസ്കാരികവുമായ രംഗങ്ങളിലും പ്രവർത്തിച്ചു പോന്നു.

സർവശക്തനായ റബ്ബ് ഇന്നേവരെ ഒരു കാര്യത്തിലും എന്നെ നിരാശപ്പെടുത്തിയിട്ടില്ല. അവന്റെ അപാരമായ കാരുണ്യത്തിൽ ഞാൻ ജീവിക്കുന്നു. അവന്റെ തിരുമുമ്പിൽ ആയിരമായിരം സ്തോത്രങ്ങൾ അർപ്പിക്കുന്നു. അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്...!

എടവണ്ണ, ഒതായി പ്രദേശങ്ങളിൽ ഖിലാഫത്ത് പ്രസ്ഥാനത്തോടനുബന്ധിച്ച പ്രവർത്തനങ്ങളിൽ 1921 മുതൽ വാപ്പ[3] സജീവമായി പ്രവർത്തിച്ചിരുന്നു. മൗലാനാ ഷൗക്കത്തലി, മൗലാനാ മുഹമ്മദലി, ഗാന്ധിജി എന്നിവരുടെ ആഹ്വാനപ്രകാരം വിദേശ വസ്തുക്കൾ വർജിക്കുകയും സ്വദേശത്തോടും സ്വദേശി സാമാനങ്ങളോടും സ്നേഹവും അടുപ്പവും വർധിപ്പിക്കുകയുമായിരുന്നു ആദ്യനടപടി. ഖിലാഫത്ത് പ്രവർത്തനങ്ങളുടെ ഭാഗമായി നൂൽനൂൽപ്പിലും ഹിന്ദുസ്ഥാനി പഠനത്തിലും അദ്ദേഹം പ്രത്യേകം താൽപര്യം കാണിച്ചിരുന്നു.

**ഞാനും അനുജൻ ഷൗക്കത്തലിയും മഞ്ചേരി ഹൈസ്കൂളിൽ പഠിക്കുമ്പോൾ അബ്ദുറഹ്മാൻ സാഹിബ് മഞ്ചേരി വഴിക്കു പോകുമ്പോൾ പലപ്പോഴും ഞങ്ങളുടെ ലോഡ്ജിൽ വരികയും ഉപദേശ നിർദേശങ്ങൾ തരികയും ചെയ്തിരുന്നു. കേറിവന്നാൽ സലാം പറഞ്ഞ് ആദ്യത്തെ ചോദ്യം മിക്കവാറും നിങ്ങൾ നമസ്കരിച്ചോ എന്നായിരിക്കും. നാട്ടിനെയും സമുദായത്തെയും സേവിക്കാനുള്ള ഒരു വാഞ്ഛ അദ്ദേഹത്തിൽ നിന്നാണ് കിട്ടിയത്. ആ രംഗത്ത് പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന വാപ്പയുടെ പ്രവർത്തനം എന്റെ ആഗ്രഹങ്ങൾക്ക് ചെറുതായിട്ടാണെങ്കിലും വഴികാണിച്ചു.**

തിരുവിതാംകൂറിൽനിന്നും വന്ന ഒരു മുസ്ല്യാരായിരുന്നു ഞങ്ങളെ ഹിന്ദുസ്ഥാനി പഠിപ്പിച്ചിരുന്നത്.

കെ.എം. മൗലവി, മണപ്പാട് കുഞ്ഞിമുഹമ്മദാജി സാഹിബ്, ഇ.കെ. മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മൗലവി മുതലായവർ 1922ൽ 'ഐക്യ സംഘം' രൂപീകരിച്ചപ്പോൾ വാപ്പ അതിൽ ഒരു സജീവ പ്രവർത്തകനായിരുന്നു. അദ്ദേഹത്തോടൊപ്പം രണ്ടു വാർഷിക സമ്മേളനങ്ങളിൽ പങ്കെടുക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഞങ്ങൾക്ക് രാഷ്ട്രീയ നേതൃത്വം കിട്ടിയിരുന്നത് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിലൂടെ ആയിരുന്നു. കോഴിക്കോട് ചെന്നാൽ അമീൻ ലോഡ്ജിൽ പോയി അദ്ദേഹത്തെ കാണണം; അത് നിർബന്ധമായിരുന്നു. അദ്ദേഹത്തിന്റെ മതഭക്തിയും ഇസ്ലാമിക ആവേശവുമായിരുന്നു ഞങ്ങളെ അദ്ദേഹത്തിങ്കലേക്കടുപ്പിച്ചത്. മൊയ്തു മൗലവിയും പൊന്മുണ്ടത്തെ മൊയ്തീൻകോയ ഹാജിയും അബുക്കയും സദാ അമീൻ ലോഡ്ജിൽ ഉണ്ടാകാറുണ്ടായിരുന്നു. മൊയ്തു മൗലവിയും അബ്ദുറഹ്മാൻ സാഹിബും ഒന്നിച്ച് അമീൻ ലോഡ്ജിലായിരുന്നു താമസം. അബ്ദുറഹ്മാൻ സാഹിബിനെപ്പറ്റി പറയുമ്പോൾ ഞാൻ വികാരഭരിതനാവുകയാണ്. ആയിരമായിരം കഥകൾ അദ്ദേഹത്തെകുറിച്ച് എഴുതുവാനുണ്ട്. അതിലേക്ക് ഞാൻ കടക്കുന്നില്ല.

ഞാനും അനുജൻ ഷൗക്കത്തലിയും മഞ്ചേരി ഹൈസ്കൂളിൽ പഠിക്കുമ്പോൾ അബ്ദുറഹ്മാൻ സാഹിബ് മഞ്ചേരി വഴിക്കു പോകുമ്പോൾ പലപ്പോഴും ഞങ്ങളുടെ ലോഡ്ജിൽ വരികയും ഉപദേശ നിർദേശങ്ങൾ തരികയും ചെയ്തിരുന്നു. കേറിവന്നാൽ സലാം പറഞ്ഞ് ആദ്യത്തെ ചോദ്യം മിക്കവാറും നിങ്ങൾ നമസ്കരിച്ചോ എന്നായിരിക്കും.

നാട്ടിനെയും സമുദായത്തെയും സേവിക്കാനുള്ള ഒരു വാഞ്ഛ[4] അദ്ദേഹത്തിൽ നിന്നാണ് കിട്ടിയത്. ആ രംഗത്ത് പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന വാപ്പയുടെ പ്രവർത്തനം എന്റെ ആഗ്രഹങ്ങൾക്ക് ചെറുതായിട്ടാണെങ്കിലും വഴികാണിച്ചു.

പഠനം നിർത്തുന്നതിൽ വാപ്പാക്ക് അഭിപ്രായം ഉണ്ടായിരുന്നില്ല. ആരെയും ആശ്രയിക്കാതെ സ്വന്തമായി ജീവിക്കണം. അതിനൊരു തൊഴിൽ സ്വന്തമായി തന്നെ വേണമെന്ന നിലക്കാണ് ഞാൻ പഠനം നിർത്തിയത്. അങ്ങനെ ഞാൻ ഏതാനും ചില കച്ചവടങ്ങളിൽ ഏർപ്പെട്ടു. അതോടൊപ്പം സമുദായ രംഗത്ത് ആകുന്നതൊക്കെ ചെയ്യണമെന്ന ആഗ്രഹമുണ്ടായിരുന്നു. പഠിക്കുന്ന കാലത്ത് അത്തരം കാര്യങ്ങൾ പലതും ചിന്തിക്കുകയും മനസ്സിൽ ആകാശക്കോട്ടകൾ കെട്ടുകയും ചെയ്തിരുന്നു.

ഈ പ്രദേശത്ത് ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ ദീപനാളമുയർന്നത് ഏടവണ്ണ അറക്കൽ വലിയമുഹമ്മദ് സാഹിബിൽ നിന്നായിരുന്നു. ആ ദീപശിഖ ഏറ്റുവാങ്ങി പ്രകാശം പരത്തിയത് മുസ്ല്യാരകത്ത്

അലിഹസ്സൻ മൗലവി, പി.വി.മുഹമ്മദാജി, അറക്കൽ ഉണ്ണിക്കോമു സാഹിബ് എന്നിവരായിരുന്നു. ചെറുപ്പക്കാരായിരുന്ന ഇവർ മൂന്നുപേരും ഏടവണ്ണ, ഒതായി, പത്തപ്പിരിയം, മുണ്ടേങ്ങര മുതലായ സ്ഥലങ്ങളിൽ നിരന്തരം പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും നടത്തി ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

വാപ്പയുടെ മൂത്ത ജ്യേഷ്ഠൻ ഉസ്സൻകുട്ടി സാഹിബും ഏളാപ്പ കോയമാമു സാഹിബും യാഥാസ്ഥിതികന്മാരും പാരമ്പര്യ ദീനിനെ പിൻപറ്റിയവരുമായിരുന്നു. 1930ൽ മലയിൽ വീരാൻകുട്ടി മുസ്ല്യാർ എന്ന സുന്നി പണ്ഡിതനെ ഒതായിയിൽ കൊണ്ടുവന്നു വയളു നടത്തി. കോയമാമു സാഹിബിനോട് കത്തു വാങ്ങി ചെറാതൊടി മമ്മതാജി, ചെറാതൊടി കുഞ്ഞിപ്പെരി, കൊടാക്കോടൻ ഐത്രുമാൻ കുട്ടി, ഇല്ലിയൻ ഉണ്ണി മൊയ്തീൻ ഇവർ നാലാളുകളും കൂടി പോയിട്ടായിരുന്നു മുസ്ല്യാരെ കൊണ്ടുവന്നത്. പടിക്കൽ പള്ളിയാളിയിൽ പന്തലിട്ടു. മലയിൽ വീരാൻകുട്ടി മുസ്ല്യാർ വയളു തുടങ്ങി. 1932ലാണത്. ഒരു പടി ഇട്ടു, അതിന്മേൽ ചമ്മണം പടിഞ്ഞിരുന്നു. മുന്നിൽ രണ്ടു തലയണ വെച്ചു. കുറെ കിതാബുകളും അടുക്കിവെച്ചിട്ടായിരുന്നു വയള്. മുസ്ലിയാർ കണ്ണു രണ്ടും മുറുക്കിച്ചിമ്മി 'ഹെ...! ജാഹിലീങ്ങളെ കൂട്ടരേ..' എന്ന് അഭിസംബോധനം ചെയ്ത് നടത്തുന്ന പ്രസംഗങ്ങൾ ആദ്യവസാനം അശ്ലീലങ്ങൾ നിറഞ്ഞതായിരുന്നു. ആണും പെണ്ണും കൂടിയ സ്ഥലത്ത് മാത്രമല്ല, സ്വന്തം ഭാര്യാ ഭർത്താക്കന്മാർ കൂടിയിരിക്കുമ്പോൾ തന്നെയും പറയാൻ കൊള്ളാത്ത അശ്ലീലങ്ങളായിരുന്നു പറഞ്ഞിരുന്നത്.

രണ്ടാമത്തെ ദിവസം പ്രസംഗം അവസാനിച്ച് ഉടൻ അറക്കൽ ഉണ്ണിക്കോമു സാഹിബ് എഴുന്നേറ്റു നിന്ന് 'ഇന്നും ഇന്നലെയും വയളിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ അടിസ്ഥാനരഹിതമാണ്. അക്ഷരം പ്രതി നാളെ അതിനെ ഖണ്ഡിക്കുന്നതാണ്. സത്യം അറിയാൻ ആഗ്രഹിക്കുന്നവർ എല്ലാവരും നേരത്തെ സ്ഥലത്തെത്തണം' എന്ന് വിളിച്ചു പറഞ്ഞു. അതോടുകൂടി ബഹളമായി. മൂത്താപ്പ ഉസ്സൻകുട്ടി ഒരു കുണ്ടംവടി വരമ്പിൽ കൂടി വലിച്ചുകൊണ്ട് മുമ്പോട്ട് വന്നു. 'ആരെടാ ആ പറഞ്ഞത്, ആ കൊമ്പൻ മീശക്കാരെവിടെ' എന്ന് ചോദിച്ചു. കോയമാമു സാഹിബും പിന്നാലെ എത്തി. ആളുകൾ നാലുഭാഗത്തേക്കും വിരണ്ടോടി. പലർക്കും പരിക്കുപറ്റി. പിറ്റേ ദിവസം വാപ്പയുടെ ഉമ്മ[5] മകൻ ഉസ്സൻകുട്ടിയെ വിളിപ്പിച്ച് 'മനുഷ്യനെ ചീത്ത പറയുന്ന ആ മുസ്ല്യാരെ കൊണ്ടുപോകണം, അല്ലെങ്കിൽ പന്തലിന് ഞാൻ തീ കൊടുക്കും' എന്ന് പറഞ്ഞു. അന്ന് പള്ളിയാളിയിലെ വയളു നിർത്തി. മൂന്നാം ദിവസം മുതൽ അതേ സ്ഥലത്തുവെച്ച് വടക്കേ മലബാർകാരനായ വലിയ അഹമ്മദ് മുസ്ല്യാർ എന്ന ഒരു മുജാഹിദ് പണ്ഡിതനെ വാപ്പ മുഹമ്മദാജി കൊണ്ടുവന്നു, പ്രസംഗം തുടങ്ങി.



അദ്ദേഹം മലയിൽകാരന്റെ ഓരോ വാദങ്ങൾക്കും അക്കമിട്ടു മറുപടി പറഞ്ഞു. മലയിൽകാരന്റെ പ്രസംഗം ഒരു മേശക്കിരുന്ന്, പി.മോയീൻ കുട്ടി മൗലവിയും അറക്കൽ ഉണ്ണിക്കോമു സാഹിബും സദസ്സിൽ വെച്ചുതന്നെ എഴുതി വെച്ചിരുന്നു. പിന്നെ കുറച്ചു ദിവസം ഉസ്സൻ കുട്ടി മൂത്താപ്പയുടെ കളത്തിങ്ങൽ വീട്ടിൻ മുറ്റത്തുവെച്ചാണ് മലയിൽകാരന്റെ പ്രസംഗം നടത്തിയത്. ഏടവണ്ണ മേത്തൽ ഉപ്പാപ്പ കോയമാമു സാഹിബിന്റെ വീട്ടുമുറ്റത്തുവെച്ചും മലയിൽകാരന്റെ വയളു നടക്കുകയുണ്ടായി.

മുസ്ല്യാർ വയളു പറയുമ്പോൾ ഇടക്കിടക്ക് ഇബ്നുതീമിയ 'ലഅ്നത്തുല്ലാഹി അലൈഹി' എന്നു പറയാറുണ്ടായിരുന്നു. ഏടവണ്ണ മേത്തൽ വെച്ചു പറയുമ്പോൾ ഇത് ആവർത്തിച്ചു കൊണ്ടിരുന്നു. ഏതാനും ചെറുപ്പക്കാർക്ക് പൈസകൊടുത്ത് വയളിന്റെ സദസ്സിനു മുമ്പിൽതന്നെ ഇരിക്കാനും ഇബ്നുതീമിയ എന്ന് മുസ്ല്യാർ പറഞ്ഞാൽ ഉറക്കെ 'റളിയല്ലാഹു അൻഹു' എന്ന് പറയാനും കോയമാമു സാഹിബിന്റെ മകൻ അബ്ദുല്ലക്കുട്ടി ഏർപ്പാടു ചെയ്തു. അത് പ്രകാരം മുസ്ല്യാർ 'ഇബ്നു' എന്നു പറയുമ്പോഴേക്കും ആൾക്കാർ ഉച്ചത്തിൽ 'റളിയല്ലാഹു' വിളിക്കാൻ തുടങ്ങി. അത് കാരണം വഴക്കായി. അവിടെയും വയള് അധിക ദിവസം മുമ്പോട്ടുപോയില്ല.

പിന്നെ ഒതായിയിലും എടവണ്ണയിലും മുജാഹിദ് പണ്ഡിതന്മാരുടെ ഒരു പ്രസംഗ പരമ്പര തന്നെ നടന്നു. അതോടെ വാപ്പ മുഹമ്മദാജിയും എളാപ്പ കോയമാമു സാഹിബും ജ്യേഷ്ഠൻ ഉസ്സൻകുട്ടി സാഹിബും വളരെ വിരോധത്തിലായി. നിരവധി ക്രിമിനൽ കേസ്സുകളും സിവിൽ കേസ്സുകളും നടന്നു. 1932ൽ തുടങ്ങിയ കേസ്സുകൾ നിരവധിയാണ്. അവസാനിച്ചത് 1962ലായിരുന്നു. കൂട്ടത്തിൽ ഒന്നുരണ്ട് കൊലക്കേസുകൾ വരെ ഉണ്ടായി.

**എന്റെ ഭാര്യ:**

ഞാൻ ശാരദാ ആക്റ്റ്[6] വന്നപ്പോൾ മേൽപ്പറഞ്ഞ കോയമാമു സാഹിബിന്റെ മകൾ ഖദീജക്കുട്ടിയെ 1929ൽ നിക്കാഹ് ചെയ്തിരുന്നു. ആ ബന്ധം വിടുത്തിക്കിട്ടണമെന്ന നിലവരെ വഴക്ക് മൂത്തു.

അവസാനം ഞാൻ ഭാര്യക്ക് കത്തെഴുതി: "ഞാനും നീയും തമ്മിൽ എനിക്ക് പതിനൊന്നും നിനക്ക് അഞ്ചും വയസ്സുള്ളപ്പോൾ വാപ്പമാർ തമ്മിൽ വിവാഹകർമം നടത്തി. ഇന്ന് എനിക്ക് 17ഉം, നിനക്ക് 11ഉം വയസ്സായി. ഇപ്പോൾ നിന്റെ രക്ഷിതാക്കൾ നാം തമ്മിലുള്ള ബന്ധം വിടുത്തിത്തരണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അത്കൊണ്ട് ബന്ധം ഒഴിവാക്കുന്നത് നിനക്ക് സമ്മതമാണെങ്കിൽ നമ്മൾ തമ്മിലുള്ള വിവാഹബന്ധം വിടുത്തുവാനുള്ള പൂർണ അനുവാദം ഇതിനാൽ നിനക്ക് വിട്ടുതന്നിരിക്കുന്നു."

അങ്ങനെ ഭാര്യ ഭർത്താവിനെ ബന്ധം വിടുത്തിയ ഒരു സംഭവത്തോടേ ആ കർമം അവസാനിച്ചു. 1939മാർച്ചിൽ ഉപ്പാപ്പ കോയമാമു സാഹിബ് മരിച്ചു. ആ മരണത്തോട് കൂടി ഞങ്ങൾ തമ്മിൽ വീണ്ടും വിവാഹബന്ധം നടത്തണമെന്ന് നാട്ടുകാരും കുടുംബങ്ങളും മുഴുവൻ ആവശ്യക്കാരായി. ഈ കാര്യത്തിൽ അതീവ താൽപര്യം കാണിച്ചത് മുമ്പ് എതിരഭിപ്രായം പറഞ്ഞിരുന്ന ഉസ്സൻകുട്ടി മൂത്താപ്പയായിരുന്നു. അപ്രകാരം ഞങ്ങൾ തമ്മിൽ 1939ജൂൺ മാസത്തിൽ വീണ്ടും വിവാഹിതരായി. ഇന്നും ആ ഖദീജക്കുട്ടി തന്നെയാണ് എന്റെ ഭാര്യ. ഞങ്ങൾക്ക് ഏഴ് മക്കൾ ഉണ്ട്.

1937ൽ ഞാൻ പരീക്ഷ കഴിഞ്ഞു നാട്ടിൽ വന്നപ്പോൾ എനിക്കുണ്ടായിരുന്ന ആഗ്രഹങ്ങൾ മുമ്പ് സൂചിപ്പിച്ചുവല്ലോ. വിദ്യാർഥിയായിരുന്ന കാലത്ത് തന്നെ മലപ്പുറത്തും മറ്റുമായി രണ്ടു സ്ഥലങ്ങളിൽ നടന്ന കേരള മുസ്‌ലിം ഐക്യ സംഘത്തിന്റെ യോഗത്തിൽ വാപ്പയുടെ കൂടെ ഞാൻ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്.

1937ൽ ഞാൻ പഠനം നിർത്തി ഒതായിയിൽ വരുന്ന കാലത്ത്, ഒതായി മഹല്ലു ഭരണം നടത്തിയിരുന്നത് 'പള്ളിപരിപാലന സംഘ'മായിരുന്നു. അതിന്റെ പ്രസിഡന്റ് വാപ്പ മുഹമ്മദാജിയായിരുന്നു. ഞാൻ പഠനം നിർത്തി വന്നപ്പോൾ കമ്മിറ്റിയിൽ ഒരംഗമായി എന്നെയും ചേർത്തു.

തൂക്കരിയും വരിസംഖ്യയും മാത്രമായിരുന്നു പ്രധാന വരുമാനം. 1940ൽ ഇടതടവില്ലാതെ മതപ്രസംഗ പരമ്പരകൾ നടത്തിക്കൊണ്ടിരുന്നു. ഒതായിയിൽ മതപ്രഭാഷണത്തിന് ഒരു സ്ഥിരം പന്തൽതന്നെയുണ്ടാക്കി. അന്ന് ഞാൻ ഒതായി കളത്തിങ്ങലായിരുന്നു താമസം. ഒന്നും രണ്ടും മൗലവിമാർ എന്റെ കൂടെ സ്ഥിരമായി താമസം ഉണ്ടായിരുന്നു. വാണിയമ്പലം കമ്മു മൗലവി, പറപ്പൂർ അബ്ദുറഹ്മാൻ മൗലവി, പി.ഉണ്ണിമോയിൻ മൗലവി, കെ.സി. അബൂബക്കർ മൗലവി, എ. അലവി മൗലവി, വി.ടി. അബ്ദുല്ല ഹാജി, ശൈഖ് മുഹമ്മദ് മൗലവി, സി.പി.കുഞ്ഞിമൊയ്തീൻ മൗലവി തൃപ്പനച്ചി, കെ.കെ.എം.ജമാലുദ്ദീൻ മൗലവി തുടങ്ങിയ അന്നത്തെ പറയത്തക്ക മുജാഹിദ് പണ്ഡിതന്മാർ മിക്കവാറും ഒതായിയിലെ സ്ഥിരം പ്രസംഗകരായിരുന്നു.

ഇവിടുത്തെ മുതിർന്ന തലമുറക്ക് മതപരമായി സാമാന്യം എല്ലാ അറിവുകളും നേടാൻ കഴിഞ്ഞത് ഇത്തരം പ്രസംഗങ്ങളിൽ കൂടി ആയിരുന്നു. ഇന്ന് മദ്റസകളിൽനിന്നു കിട്ടുന്നതിനെക്കാൾ കൂടുതൽ അറിവ് അന്നുള്ളവർക്ക് പ്രസംഗങ്ങളിൽകൂടി കിട്ടിക്കൊണ്ടിരുന്നു.

**റഫറൻസ്:**

1. 24.11.1917, റബീഉൽഅവ്വൽ 24ന്
2. സിക്സ്ത് ഫോം
3. ഒതായി മുഹമ്മദാജി
4. താൽപര്യം, ആഗ്രഹം
5. ഉമ്മാമ
6. Child Marriage Restraint Act 1929. Har Bilas Sarda (1867-1955) was an Indian academic, judge and politician. He is best known for having introduced the Child Marriage Restraint Act ബ്രിട്ടീഷ് വൈസ്രോയി ആയിരുന്ന ഇർവിൻ പ്രഭു(1926-1931)വിന്റെ കാലത്ത് 1929ൽ ശാദാ ആക്ട് നിലവിൽ വന്നു. ഇതനുസരിച്ച് പെൺകുട്ടികളുടെ വിവാഹപ്രായം 14ഉം, ആൺകുട്ടികളുടെത് 18ഉം ആക്കി ഉയർത്തി.

**(അവസാനിച്ചില്ല)**

ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി
abdurazaksullamy@gmail.com

ലേഖനം

അന്ത്യനാൾ: ക്വുർആനിലും ശാസ്ത്രത്തിലും: 3



# വിചാരണക്കുള്ള ഒരുക്കം

**വ**രാനിരിക്കുന്ന ആ സംഭവം മുഹമ്മദ് നബിﷺ ഭൂതകാല ശൈലിയിൽ വിശദീകരിക്കുന്നു.

അങ്ങനെ ഞങ്ങളവിടെ നിന്നുകൊണ്ടിരിക്കെ ആകാശത്തിൽ നിന്ന് ശക്തിയായ ഒരു ഇരമ്പൽ കേട്ടു. ഒന്നാമത്തെ ആകാശത്തെ മലക്കുകൾ ഇറങ്ങി വരുന്ന ശബ്ദമായിരുന്നു അത്. മനുഷ്യരും ജിന്നുകളുമടക്കമുള്ള ഭൂനിവാസികളുടെയത്ര തന്നെ ഉണ്ടായിരുന്നു അവർ. ഭൂമിയിലേക്ക് അടുത്തപ്പോൾ അവരുടെ പ്രകാശം കൊണ്ട് ഭൂമി പ്രകാശപൂരിതമായി. ഭൂനിവാസികളെ വലയം ചെയ്ത് കൊണ്ട് അവർ നിലയുറപ്പിച്ചു. ഞങ്ങളുടെ റബ്ബ് നിങ്ങളുടെ കൂടെ ഉണ്ടോ എന്നവർ ഞങ്ങളോടന്വേഷിച്ചു. ഇല്ല, അവൻ വരും എന്നവർ പറഞ്ഞു. പിന്നീട് രണ്ടാമത്തെ ആകാശത്തിലെ മലക്കുകൾ ഇറങ്ങി. ഒന്നാമത്തെ ആകാശത്തിൽ നിന്നിറങ്ങിയ മലക്കുകളും ഭൂമിയിലെ മലക്കുകളും ജിന്നുകളും എല്ലാം കൂടിയുള്ളത്ര എണ്ണമുണ്ട് അവർ. അവർ വന്നതോടെ ഭൂമി പിന്നെയും പ്രകാശത്താൽ കൂടുതൽ തിളങ്ങി. ആദ്യം വന്ന മലക്കുകളെയടക്കം വലയം ചെയ്ത് കൊണ്ട് അവരും നിലയുറപ്പിച്ചു. റബ്ബുണ്ടോ എന്ന് അവരോടും ചോദിച്ചു. ഇല്ല, വരും എന്നായിരുന്നു അവരുടെയും മറുപടി. പിന്നീട് തുടർന്നുള്ള ആകാശങ്ങളിലെ മലക്കുകളും ക്രമപ്രകാരം ഇറങ്ങുകയാണ്. മുമ്പേ എത്തിയവരുടെ ഇരട്ടിയാണ് പിന്നെ എത്തിയവരുടെ കൂട്ടം. പിമ്പെ വരുന്ന മലക്കുകൾ മുമ്പ് ഇറങ്ങിയ എല്ലാവരെയും വലയം ചെയ്ത് കൊണ്ട് അണിനിരക്കും. അങ്ങനെ ഏഴാമത്തെ ആകാശം വരെയുള്ള മലക്കുകൾ അണിയുറപ്പിച്ചു. പിന്നീട് അല്ലാഹു ഭൂമിയിലേക്ക് ഇറങ്ങി വരുന്നു.

"നിന്റെ രക്ഷിതാവും, അണിയണിയായി മലക്കുകളും വരുകയും." (സൂറതുൽഫജ്ർ: 22).

"ഭൂമി അതിന്റെ നാഥന്റെ പ്രഭയാൽ പ്രകാശിക്കുകയും ചെയ്യും..." (അസ്സുമർ: 69).

ഇടകലർന്ന് നിന്നിരുന്ന മനുഷ്യവർഗത്തിൽ നിന്ന് കുറ്റവാളികൾ വേർതിരിക്കപ്പെടുന്നു:

"കുറ്റവാളികളേ, ഇന്ന് നിങ്ങൾ വേർതിരിഞ്ഞ് നിൽക്കുക (എന്ന് അവിടെ വെച്ച് പ്രഖ്യാപിക്കും)" യാസീൻ: 59).

കുറ്റവാളികളോട് നിരവധി ചോദ്യങ്ങൾ പൊതുവായി ചോദിക്കപ്പെടും. നിങ്ങൾക്ക് ബോധ്യപ്പെട്ടില്ലേ? ഇത് സത്യം തന്നെയല്ലേ? എല്ലാം ബോധ്യപ്പെട്ടു; അറിഞ്ഞു!

"കുറ്റവാളികൾ തങ്ങളുടെ രക്ഷിതാവിന്റെയടുക്കൽ തലതാഴ്ത്തിക്കൊണ്ട്, ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങളിതാ (നേരിൽ) കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഞങ്ങളെ (നീ ജീവിതത്തിലേക്ക്) തിരിച്ചയച്ചു തരണേ. എങ്കിൽ ഞങ്ങൾ നല്ലത് പ്രവർത്തിച്ചുകൊള്ളാം. തീർച്ചയായും ഞങ്ങളിപ്പോൾ ദൃഢബോധ്യമുള്ളവരാകുന്നു എന്ന് പറയുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ (അതെന്തൊരു കാഴ്ചയായിരിക്കും)" (അസ്സജദ: 12).

അവർ പറയും: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാക്കന്മാരെയും പ്രമുഖന്മാരെയും അനുസരിക്കുകയും അങ്ങനെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. രക്ഷിതാവേ, അവർക്ക് രണ്ടിരട്ടി ശിക്ഷ നൽകുകയും അവർക്ക് നീ വൻശാപം ഏൽപിക്കുകയും ചെയ്യണമേ. (എന്നും അവർ പറയും)" (അൽഅഹ്സാബ്: 67,68).

വീണ്ടും കാത്തിരിപ്പ് തുടരുന്നു. അതോടൊപ്പം ഓരോരുത്തരും ചെയ്ത എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയ ഗ്രന്ഥം കൈകളിലേക്ക് പറന്നിറങ്ങുന്നു. ആരുടെ വലതു കയ്യിലേക്ക് മുന്നിലൂടെ ഗ്രന്ഥം ലഭിച്ചുവോ അവർ ഭാഗ്യവാന്മാരും ആരുടെ ഇടത് കയ്യിലേക്ക് പിന്നിലൂടെ ഗ്രന്ഥം ലഭിച്ചുവോ അവർ നിർഭാഗ്യവന്മാരുമാണ്.

സദാസമയവും ലോകം മുഴുവൻ ഒപ്പിയെടുക്കുന്ന GPS പോലുള്ള സാറ്റലേറ്റ് ക്യാമറകൾ കൊണ്ട് കൃത്യമായി വീഡിയോ റെക്കോഡിംഗ് നടത്താൻ മനുഷ്യർക്ക് സാധിക്കുമെങ്കിൽ ലോകരക്ഷിതാവായ അല്ലാഹുവിന് റെക്കോഡിംഗ് സാധിക്കില്ലെന്നാണോ മനുഷ്യൻ കരുതുന്നത്? അവന് അസാധ്യമായി എന്താണുള്ളത്?

വിശ്വാസികളും സൽകർമകാരികളുമായ ആളുകൾക്ക് അവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് പാപങ്ങൾ മായ്ച്ചുകളയുന്നു. മനുഷ്യരുടെ വായക്ക് സംസാരിക്കാനുള്ള കഴിവ് ഇല്ലാതാകുന്നു. ഓരോ അവയവവും അത് പ്രവർത്തിച്ചത് എടുത്ത് പറയും.

"ഇന്ന് നാം അവരുടെ വായക്ക് സീൽ വെക്കുന്നതാണ്. അവർ പ്രവർത്തിച്ചതിനെ സംബന്ധിച്ച് അവരുടെ കൈകൾ നമ്മോട് സംസാരിക്കും. അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുകയും ചെയ്യും." (യാസീൻ: 65).

ഒരു മനുഷ്യനും തനിക്ക് അല്ലാഹു നൽകിയ ആയുസ്സ്, ധനം, അറിവ്, ആരോഗ്യം എന്നിവ എന്തിന് വേണ്ടി ചെലവാക്കി എന്ന് ചോദ്യം ചെയ്യപ്പെടാതെ ഉയിർത്തെഴുന്നേൽപ് നാളിൽ രക്ഷപ്പെടുകയില്ല.

ബോഡിംഗ്പാസ്, എമിഗ്രേഷൻ, സെക്യൂരിറ്റി ചെക്കിംഗുകൾ കഴിയാതെ ഒരു യാത്രക്കാരനും വിമാനത്തിൽ എത്തിപ്പെടാൻ കഴിയില്ല എന്ന് ബോധ്യമുണ്ടെങ്കിൽ പരലോകത്തിലെ വിചാരണയും ബോധ്യമാവേണ്ടതുണ്ട്. നന്മതിന്മകളുടെ മൂല്യനിർണയം നടത്തുന്ന ഉപകരണങ്ങൾ അവിടെയുണ്ട്. ഒരു സെക്കന്റിന്റെ ആയിരമോ പതിനായിരമോ അംശത്തിലൊന്ന് കണക്കാക്കാൻ പറ്റുന്ന ഇലക്ട്രോണിക് മെഷീൻ നിർമിക്കാൻ കഴിവുള്ള തലച്ചോറ് സൃഷ്ടിച്ച പ്രപഞ്ചനാഥനായ അല്ലാഹുവിന് ഇത്തരം തുലാസ് നിർമിക്കുന്നത് എത്രയോ നിസ്സാരം.

കോടിക്കണക്കായ മനുഷ്യരെ വിചാരണ ചെയ്യാൻ കോടിക്കണക്കായ മണിക്കൂറുകൾ ആവശ്യമില്ല. ഓരോരുത്തരും ഒറ്റക്ക് വിചാരണ ചെയ്യപ്പെടും. കാരണം നമ്മുടെ സമയവ്യവസ്ഥ അല്ലാഹുവിന് ബാധകമേയല്ല.

**അല്ലാഹു അല്ലാത്ത ആരോടും എന്തിനോടും കാര്യകാരണ ബന്ധത്തിൽപെട്ടതല്ലാത്ത മാർഗത്തിലൂടെ തന്റെ മനസ്സിലുള്ളത് അവർ അറിയുമെന്നോ കേൾക്കുമെന്നോ ഉത്തരം ചെയ്യുമെന്നോ വിശ്വസിച്ച് കൊണ്ടുള്ള എല്ലാ വിളികളും –അത് മനസ്സ് കൊണ്ട് മാത്രമാണെങ്കിലും– ശിർക്കാണ് അഥവാ അല്ലാഹുവിൽ പങ്ക് ചേർക്കലാണ്. അങ്ങനെ ചെയ്തവർ പശ്ചാതപിക്കാതെ മരണപ്പെട്ടാൽ അവർ എന്നെന്നും നരകവാസികളായിരിക്കും എന്നാണ് അല്ലാഹുവും അവന്റെ ദൂതന്മാരുമെല്ലാം സംശയലേശമന്യെ വ്യക്തമാക്കിയിട്ടുള്ളത്.**

**ഒരു കണ്ണും ഇതുവരെ കണ്ടിട്ടില്ലാത്ത, ഒരു കാതും ഇതുവരെ കേട്ടിട്ടില്ലാത്ത ഒരു മനസ്സിന്റെ ഭാവനയിൽ പോലും ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത സുഖങ്ങളാണ് സ്വർഗത്തിൽ. ഇഷ്ടപ്പെട്ട പഴങ്ങൾ കൈകൊണ്ട് പറിച്ചെടുക്കാൻ പാകത്തിന്, ഇഷ്ടപ്പെട്ട പക്ഷികളുടെ മാംസം. സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങൾ, അമിതമായ ചൂടോ തണുപ്പോ ഇല്ലാത്ത കാലാവസ്ഥ, അമ്പരന്ന് പോകുന്ന; സൗന്ദര്യം തുളുമ്പുന്ന പരിശുദ്ധരായ ഹൂറുൽഈൻ എന്ന സ്വർഗീയ സുന്ദരികൾ, മുത്ത് കൊണ്ട് നിർമിച്ച വീടുകൾ, തേനിന്റെയും രുചികരമായ ലഹരിയില്ലാത്ത മദ്യത്തിന്റെയും പാലിന്റെയും അരുവികൾ, കണ്ണെത്താദൂരം വരെ പരന്ന് കിടക്കുന്ന അതിസുന്ദരമായ പാർക്കുകൾ, വിനോദങ്ങൾ, മനുഷ്യമനസ്സ് എന്ത് ആഗ്രഹിച്ചാലും നൽകപ്പെടുന്ന, ഒരിക്കലും പുതുമ നശിക്കാത്ത, സുഖസൗകര്യങ്ങൾ.**

വിചാരണക്ക് ശേഷം സ്വർഗത്തിലേക്ക് നരകത്തിന് മുകളിലൂടെ ഇട്ട ഒരു പാലം വഴി വിജയികൾ സ്വർഗത്തിലേക്ക് നയിക്കപ്പെടും; രാജകീയ സന്നിധിയിലേക്ക് അതിഥികൾ ആനയിക്കപ്പെടുന്നത് പോലെ. ഒരു കണ്ണും ഇതുവരെ കണ്ടിട്ടില്ലാത്ത, ഒരു കാതും ഇതുവരെ കേട്ടിട്ടില്ലാത്ത ഒരു മനസ്സിന്റെ ഭാവനയിൽ പോലും ഇതുവരെ ചിന്തിച്ചിട്ടില്ലാത്ത സുഖങ്ങൾ, ഇഷ്ടപ്പെട്ട പഴങ്ങൾ കൈകൊണ്ട് പറിച്ചെടുക്കാൻ പാകത്തിന്, ഇഷ്ടപ്പെട്ട പക്ഷികളുടെ മാംസം. സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങൾ, അമിതമായ ചൂടോ തണുപ്പോ ഇല്ലാത്ത കാലാവസ്ഥ, അമ്പരന്ന് പോകുന്ന, സൗന്ദര്യം തുളുമ്പുന്ന പരിശുദ്ധരായ ഹൂറുൽഈൻ എന്ന സ്വർഗീയ സുന്ദരികൾ, മുത്ത് കൊണ്ട് നിർമിച്ച വീടുകൾ, തേനിന്റെയും രുചികരമായ ലഹരിയില്ലാത്ത മദ്യത്തിന്റെയും പാലിന്റെയും അരുവികൾ, കണ്ണെത്താദൂരം വരെ പരന്ന് കിടക്കുന്ന അതിസുന്ദരമായ പാർക്കുകൾ, വിനോദങ്ങൾ, മനുഷ്യമനസ്സ് എന്ത് ആഗ്രഹിച്ചാലും നൽകപ്പെടുന്ന, ഒരിക്കലും പുതുമ നശിക്കാത്ത, സുഖസൗകര്യങ്ങൾ. ഓരോ സ്വർഗവാസിയും യുവത്വത്തിന്റെ തുടുത്തപ്രായത്തിലായിരിക്കും എന്നെന്നും. ചെറുപ്പത്തിൽ മരിച്ച മക്കളുടെ കൂടെ ജീവിക്കാനാകും. എല്ലാറ്റിനും പുറമെ സ്വർഗത്തിന്റെ ഭംഗി പോലും മറക്കുന്ന, സൗന്ദര്യവാനായ അല്ലാഹുവിനെ നേരിട്ട് കാണാനുള്ള അവസരം! അറ്റമില്ലാതെ തുടരുന്ന ജീവിതം.

**നരകം**


വിചാരണക്ക് ശേഷം കുറ്റവാളികൾ നരകത്തിലേക്ക് നയിക്കപ്പെടും. പലതരത്തിലുള്ള ശിക്ഷകൾ അവർ അനുഭവിച്ചുകൊണ്ടിരിക്കും. ചങ്ങലകളിൽ ബന്ധിതരാകും. തൊലി ഉരുകിയൊലിക്കുമ്പോൾ വീണ്ടും തൊലി നൽകിക്കൊണ്ടേയിരിക്കും. ഓരോ കുറ്റവാളിയും ഭയാനകമായ വലുപ്പത്തിലായിരിക്കും. വ്രണത്തിൽ നിന്നൊഴുകുന്ന ചലവും വെട്ടിത്തിളക്കുന്ന പാനീയവും തൊണ്ടയിൽ കുടുങ്ങുന്ന മുൾച്ചെടിയും ഇഞ്ചിഞ്ചായി എരിയുന്ന ശരീരവും. അവർ ഇതെല്ലാം അനുഭവിച്ചുകൊണ്ടേയിരിക്കും. അവിടെ പിന്നെ മരണമില്ല; ജീവിതവുമില്ല!

നേതാവോ, ഇബ്‌ലീസോ, പുരോഹിതനോ ആരും രക്ഷപ്പെടുത്താനില്ല. കുറെ കാലം കഴിഞ്ഞ ശേഷം അർഹമായ ശിക്ഷകൾ അനുഭവിച്ച് തീർന്നവരെ നബിﷺയുടെ ശുപാർശയിലൂടെ അല്ലാഹു നരകത്തിൽ നിന്ന് മോചിപ്പിച്ച് സ്വർഗത്തിലേക്ക് കടത്തും. ഇത് പിന്നെയും ആവർത്തിക്കും. പിന്നെ അല്ലാഹു ഒരു ശുപാർശയുമില്ലാതെ കുറെ പേരെ രക്ഷപ്പെടുത്തും. ബാക്കിയുള്ളവർ ശാശ്വതരായി അതിൽ വെന്തെരിഞ്ഞുകൊണ്ടേയിരിക്കും.

സ്വർഗത്തിൽ ഒരിക്കലും പ്രവേശിക്കാത്തവർ ആരാണ്? "അല്ലാഹുവോട് വല്ലതിനേയും പങ്ക് ചേർക്കുന്ന പക്ഷം തീർച്ചയായും അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും..." (അൽമാഇദ: 72).

അല്ലാഹു അല്ലാത്ത ആരോടും എന്തിനോടും കാര്യകാരണ ബന്ധത്തിൽപെട്ടതല്ലാത്ത മാർഗത്തിലൂടെ തന്റെ മനസ്സിലുള്ളത് അവർ അറിയുമെന്നോ കേൾക്കുമെന്നോ ഉത്തരം ചെയ്യുമെന്നോ വിശ്വസിച്ച് കൊണ്ടുള്ള എല്ലാ വിളികളും -അത് മനസ്സ് കൊണ്ട് മാത്രമാണെങ്കിലും- ശിർക്കാണ് അഥവാ അല്ലാഹുവിൽ പങ്ക് ചേർക്കലാണ്. അങ്ങനെ ചെയ്തവർ പശ്ചാതപിക്കാതെ മരണപ്പെട്ടാൽ അവർ എന്നെന്നും നരകവാസികളായിരിക്കും എന്നാണ് അല്ലാഹുവും അവന്റെ ദൂതന്മാരുമെല്ലാം സംശയലേശമന്യെ വ്യക്തമാക്കിയിട്ടുള്ളത്.

ഇത് യാഥാർഥ്യമാണ്. തോറ്റാൽ വീണ്ടും എഴുതാൻ സപ്ലിമെന്ററിയോ, അപ്പീൽ കോടതിയോ ഇല്ലാത്ത പരലോകത്തിലേക്ക് വേണ്ടി ഇപ്പോൾ തന്നെ ജീവിതം ചിട്ടപ്പെടുത്തുക. അല്ലെങ്കിൽ ഖേദിക്കേണ്ടി വരുമെന്ന് ഉറപ്പാണ്. ●




ഷുക്കൂർ കടലുണ്ടി
mail@nerpatham.com

# മരണമെത്തുമ്പോൾ

പരലോക ചിന്ത മനസ്സിൽ നിറയണം
പരൻവിധി എന്തെന്നറിഞ്ഞു നടക്കണം
വാനവും ഭൂമിയും സൃഷ്ടിച്ച നാഥനെ
വിനയത്താൽ എപ്പോഴുമോർത്തു കഴിയണം
നന്മകളെല്ലാതും വാരിപ്പുണരണം
തിന്മകളപ്പാടെ വെടിയാൻ കഴിയണം
ആവേശമെല്ലാതും കൈവിട്ടുപോകുന്ന
അവസാന നാളുണ്ട് നമ്മൾക്കറിയണം
വെട്ടിപ്പിടിച്ചതും കുത്തിനോവിച്ചതും
വേണ്ടായിരുന്നു എന്നന്നേരമോർത്തിടും
കെട്ടിപ്പടുത്തതാം കോട്ടകളൊക്കെയും
ശീട്ടുകൊട്ടാരമായ് മാറുമെന്നറിയണം
വേണ്ടാ പണമന്ന്, വേണ്ടാ സ്വന്തക്കാരും
വേണ്ടതോ ജീവിതം തന്നെയീ ഭൂമിയിൽ!
‘അൽപനേരത്തേക്ക് നീട്ടിത്തരേണമേ
അൽപം വിടാതെ ഞാൻ നന്മകൾ ചെയ്തിടാം’

മരണമെത്തും നേരം ഇങ്ങനെയാർത്തിടും
മർത്യർക്ക് രക്ഷയായ് ഇല്ലയന്നാരുമെ!
വൈകിപ്പോയ്, കാര്യമില്ലാർക്കുമാ വേളയിൽ
വിലപിച്ചതു മാത്രം മിച്ചമായ് മാറിടും
നാഥന്റെ നിശ്ചയം തന്നെ നടന്നിടും
നന്നായി ജീവിച്ചാൽ നേട്ടങ്ങൾ കൊയ്തിടാം

# വിട പറയൂ അപശബ്ദങ്ങളോട്,
# കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

**24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...**
**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
07 SEPTEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

Let's scaffold to survive

Relief
.......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!
In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans...Aameen

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437